# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കൊടിയത്തൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി1/982/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 01/06/2022
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൊടിയത്തൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കൊടിയത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊടിയത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി1/982/2022 തീയ്യതി: 01/06/2022

## കോഴിക്കോട് ജില്ലയിലെ കൊടിയത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കൊടിയത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 18-06-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.എം. വാസുദേവൻ | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 23-05-2022 | 28-05-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 23-05-2022 | 28-05-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ഹരി കെ.പി, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)
ശ്രീമതി.ഷൈന എ.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.രാമദാസ് എം, അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി ലത.ടി.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.ജിഷ പി, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സി.ടി.സി അബ്ദുള്ള | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ശ്രീമതി. ഷംല്വലത്ത് | പ്രസിഡന്റ് | 21-12-2020 | 31-03-2021 |
| ശ്രീ.സന്തോഷ്. സി | സെക്രട്ടറി | 01-04-2020 | 12-02-2021 |
| ശ്രീ.ഹരിഹരൻ.കെ | സെക്രട്ടറി | 12-02-2021 | 31-03-2021 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. പ്രിൻസിയ മുഹമ്മദ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീ. അബ്ദുൾ കലാം ആസാദ്. പി.എ | ഹെഡ് മാസ്റ്റർ | 01-04-2020 | 31-03-2021 |
| ശ്രീ.എൻ. രാജേഷ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി. ഫെബിദ. എൻ.വി | അഗ്രികൾച്ചർ ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ. നൗഷാദ്.എം.എം | മെഡിക്കൽ ഓഫീസർ , പി.എച്ച്.സി | 01-04-2020 | 20-01-2021 |
| ഡോ.ബിന്ദു | മെഡിക്കൽ ഓഫീസർ , പി.എച്ച്.സി | 21-01-2021 | 31-03-2021 |
| ഡോ.ഗീത | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2020 | 31-03-2021 |
| ഡോ. ഗീത.വി | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| ഡോ.നബീൽ മുഹമ്മദ് | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി.ബിനി.പി.വർഗ്ഗീസ് | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 01-04-2020 | 03-11-2020 |
| ശ്രീമതി.ലിസ.പി.കെ | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 04-11-2020 | 31-03-2021 |
| ശ്രീമതി. ബിജി.പി.എസ് | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2020 | 02-11-2020 |
| ശ്രീമതി. റൈഷ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2020 | 04-11-2020 |
| ശ്രീ പി സനൽകുമാർ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 06-08-2020 |
| ശ്രീമതി റുമൈസ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 07-08-2020 | 31-03-2021 |

അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി 12.11.20 മുതൽ 20.12.20 വരെ

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: T.K.Latha (Senior Grade Auditor, On 29-05-2022)<br>Last Updated By: Vasudevan M (Deputy Director, On 31-05-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: T.K.Latha (Senior Grade Auditor, On 29-05-2022)<br>Last Updated By: Vasudevan M (Deputy Director, On 31-05-2022) | 1-2 |
| 3 | വാർഷിക കണക്ക് - അപാകതകൾ<br>Written By: T.K.Latha (Senior Grade Auditor, On 29-05-2022)<br>Last Updated By: Vasudevan M (Deputy Director, On 31-05-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: T.K.Latha (Senior Grade Auditor, On 26-05-2022)<br>Last Updated By: Vasudevan M (Deputy Director, On 31-05-2022) | 1- 3 |
| 5 | ഫണ്ട് വിനിയോഗം ( ACR)<br>Written By: T.K.Latha (Senior Grade Auditor, On 26-05-2022)<br>Last Updated By: Vasudevan M (Deputy Director, On 01-06-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: T.K.Latha (Senior Grade Auditor, On 29-05-2022)<br>Last Updated By: Vasudevan M (Deputy Director, On 01-06-2022) | 1-5 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: T.K.Latha (Senior Grade Auditor, On 26-05-2022)<br>Last Updated By: Vasudevan M (Deputy Director, On 01-06-2022) | 1-6 |
| 8 | ക്യാഷ് പരിശോധന<br>Written By: T.K.Latha (Senior Grade Auditor, On 26-05-2022)<br>Last Updated By: Vasudevan M (Deputy Director, On 01-06-2022) | 1-7 |
| 9 | അഭ്യന്തര നിയന്ത്രണം<br>Written By: T.K.Latha (Senior Grade Auditor, On 29-05-2022)<br>Last Updated By: T.K.Latha (Senior Grade Auditor, On 29-05-2022) | 1- 8 |
| 10 | അനധികൃതമായി കുന്ന് ഇടിച്ച് നിരത്തി തുടർനടപടികൾ സ്വീകരിച്ചില്ല<br>Written By: Hari. K.P (Audit Officer (HG), On 29-05-2022)<br>Last Updated By: Vasudevan M (Deputy Director, On 01-06-2022) | 1-9 |
| 11 | വസ്തുനികുതി പുനർനിർണ്ണയിക്കാത്തതിനാൽ നഷ്ടം<br>Written By: T.K.Latha (Senior Grade Auditor, On 29-05-2022)<br>Last Updated By: Vasudevan M (Deputy Director, On 01-06-2022) | 1-10 |
| 12 | വേക്കൻസി റെമിഷന് അപേക്ഷ ലഭിച്ച തിയതിക്കു മുമ്പെ നികുതി ഇളവ് അനുവദിച്ചു<br>Written By: T.K.Latha (Senior Grade Auditor, On 01-06-2022)<br>Last Updated By: Vasudevan M (Deputy Director, On 01-06-2022) | 1-11 |
| 13 | കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള മുഴുവൻ തറവിസ്തീർണ്ണത്തിനും നികുതി നിർണ്ണയിച്ചില്ല.<br>Written By: T.K.Latha (Senior Grade Auditor, On 29-05-2022)<br>Last Updated By: Vasudevan M (Deputy Director, On 01-06-2022) | 1-12 |
| 14 | ബിൽഡിംഗ് പെർമിറ്റ് - തുടർനടപടികൾ സ്വീകരിച്ചതിന്റെ വിവരം ലഭ്യമല്ല.<br>Written By: T.K.Latha (Senior Grade Auditor, On 29-05-2022)<br>Last Updated By: Vasudevan M (Deputy Director, On 01-06-2022) | 1-13 |
| 15 | അനർഹമായി പ്രൈസ് പ്രിഫറൻസ് നൽകി-ലേബർകോൺട്രാക്ട് സൊസൈറ്റിക്ക് പ്രവൃത്തി നൽകി<br>Written By: RAMDAS M. (Asst. Audit Officer, On 28-05-2022)<br>Last Updated By: Vasudevan M (Deputy Director, On 01-06-2022) | 1-14 |
| 16 | തെനങ്ങാപറമ്പ് ആരോഗ്യഉപകേന്ദ്രം-കെട്ടിടം ഉപയോഗപ്പെടുത്താത്തതും | 1-15 |

| | | |
|---|---|---|
| | മറ്റ് അപാകതകളും.<br>Written By: RAMDAS M. (Asst. Audit Officer, On 28-05-2022)<br>Last Updated By: Vasudevan M (Deputy Director, On 01-06-2022) | |
| 17 | മുതപറമ്പ് കോളനി കുടിവെള്ള പദ്ധതി-പണം കൈമാറിയത് ക്രമപ്രകാരമല്ല.<br>Written By: RAMDAS M. (Asst. Audit Officer, On 28-05-2022)<br>Last Updated By: Vasudevan M (Deputy Director, On 01-06-2022) | 1-16 |
| 18 | കരാർവെക്കുന്നതിന് കാലതാമസം-കരാറുകാരനിൽനിന്ന് പിഴ ഈടാക്കിയില്ല.<br>Written By: RAMDAS M. (Asst. Audit Officer, On 28-05-2022)<br>Last Updated By: Vasudevan M (Deputy Director, On 01-06-2022) | 1-17 |
| 19 | ഇ ടെണ്ടർ ഫീയിനത്തിൽ ലഭിക്കാനുള്ള തുക ഈടാക്കാൻ നടപടി സ്വീകരിച്ചില്ല.<br>Written By: RAMDAS M. (Asst. Audit Officer, On 28-05-2022)<br>Last Updated By: Vasudevan M (Deputy Director, On 01-06-2022) | 1-18 |
| 20 | 65 വയസ്സ് കഴിഞ്ഞ വൃദ്ധർക്കുള്ള കട്ടിൽ വാങ്ങൽ ടെണ്ടർ നടപടികളിലെ അപാകതകൾ<br>Written By: Shyna A.K (Asst. Audit Officer, On 30-05-2022)<br>Last Updated By: Vasudevan M (Deputy Director, On 01-06-2022) | 1-19 |
| 21 | പ്രളയ മാലിന്യങ്ങൾ നീക്കം ചെയ്യൽ -തുക ചെലവഴിച്ചതിലെ അപാകതകൾ<br>Written By: Shyna A.K (Asst. Audit Officer, On 30-05-2022)<br>Last Updated By: Vasudevan M (Deputy Director, On 01-06-2022) | 1-20 |
| 22 | മതിയായ രേഖകൾ ഇല്ലാതെ പദ്ധതി പണം ചെലവഴിച്ചു<br>Written By: Shyna A.K (Asst. Audit Officer, On 30-05-2022)<br>Last Updated By: Vasudevan M (Deputy Director, On 01-06-2022) | 1-21 |
| 23 | വേനൽക്കാല കുടിവള്ള വിതരണം - പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: Shyna A.K (Asst. Audit Officer, On 30-05-2022)<br>Last Updated By: Vasudevan M (Deputy Director, On 01-06-2022) | 1-22 |
| 24 | പോഷകാഹാര വിതരണത്തിന് ആവശ്യമായ ഫണ്ട് വകയിരുത്തുന്നില്ല<br>Written By: Shyna A.K (Asst. Audit Officer, On 30-05-2022)<br>Last Updated By: Vasudevan M (Deputy Director, On 01-06-2022) | 1-23 |
| 25 | ലൈഫ് ഭവനപദ്ധതി - ഭവനനിർമ്മാണം പൂർത്തികരിച്ചില്ല.<br>Written By: Jisha.P (Auditor, On 30-05-2022)<br>Last Updated By: Vasudevan M (Deputy Director, On 01-06-2022) | 1-24 |
| 26 | ലൈഫ് -ഭൂരഹിതർക്ക് ഭൂമി നല്കിയെങ്കിലും ഭവനനിർമ്മാണം ആരംഭിച്ചില്ല<br>Written By: Jisha.P (Auditor, On 30-05-2022)<br>Last Updated By: Vasudevan M (Deputy Director, On 01-06-2022) | 1-25 |
| 27 | ഭവന റിപ്പയർ (പട്ടികജാതി) -പദ്ധതി പൂർത്തീകരിച്ചില്ല<br>Written By: Jisha.P (Auditor, On 30-05-2022)<br>Last Updated By: Vasudevan M (Deputy Director, On 01-06-2022) | 1-26 |
| | **ഭാഗം 2** | |
| 1 | വസ്തുനികുതി പുനർനിർണ്ണയിക്കാത്തതിനാൽ നഷ്ടം<br>Written By: T.K.Latha (Senior Grade Auditor, On 29-05-2022)<br>Last Updated By: Vasudevan M (Deputy Director, On 01-06-2022) | 2-1 |
| 2 | കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള മുഴുവൻ തറവിസ്തീർണ്ണത്തിനും നികുതി നിർണ്ണയിച്ചില്ല.<br>Written By: T.K.Latha (Senior Grade Auditor, On 29-05-2022)<br>Last Updated By: Vasudevan M (Deputy Director, On 01-06-2022) | 2-2 |
| | **ഭാഗം 3** | |
| 1 | കരാർവെക്കുന്നതിന് കാലതാമസം-കരാറുകാരനിൽനിന്ന് പിഴ | 3-1 |

| | | |
|---|---|---|
| | ഈടാക്കിയില്ല.<br>Written By: RAMDAS M. (Asst. Audit Officer, On 28-05-2022)<br>Last Updated By: Vasudevan M (Deputy Director, On 01-06-2022) | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: T.K.Latha (Senior Grade Auditor, On 24-05-2022)<br>Last Updated By: T.K.Latha (Senior Grade Auditor, On 24-05-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: T.K.Latha (Senior Grade Auditor, On 26-05-2022)<br>Last Updated By: Vasudevan M (Deputy Director, On 01-06-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: T.K.Latha (Senior Grade Auditor, On 29-05-2022)<br>Last Updated By: Vasudevan M (Deputy Director, On 01-06-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: T.K.Latha (Senior Grade Auditor, On 24-05-2022)<br>Last Updated By: Vasudevan M (Deputy Director, On 01-06-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: T.K.Latha (Senior Grade Auditor, On 29-05-2022)<br>Last Updated By: Vasudevan M (Deputy Director, On 01-06-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപം<br>Written By: T.K.Latha (Senior Grade Auditor, On 24-05-2022)<br>Last Updated By: Vasudevan M (Deputy Director, On 01-06-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: T.K.Latha (Senior Grade Auditor, On 29-05-2022)<br>Last Updated By: Vasudevan M (Deputy Director, On 01-06-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: T.K.Latha (Senior Grade Auditor, On 24-05-2022)<br>Last Updated By: Vasudevan M (Deputy Director, On 01-06-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: T.K.Latha (Senior Grade Auditor, On 24-05-2022)<br>Last Updated By: Vasudevan M (Deputy Director, On 01-06-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: T.K.Latha (Senior Grade Auditor, On 30-05-2022)<br>Last Updated By: Vasudevan M (Deputy Director, On 01-06-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: T.K.Latha (Senior Grade Auditor, On 24-05-2022)<br>Last Updated By: Vasudevan M (Deputy Director, On 01-06-2022) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ തിയ്യതിയിലെ 08/03/2020 ലെ 1/1 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച 2020-21 വർഷത്തെ ബജറ്റിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു. പുതുക്കിയ ബജറ്റ് 15/02/2021 ലെ ഭരണസമിതി തീരുമാന നമ്പർ 2/1 പ്രകാരവും അംഗീകരിച്ചു. അംഗീകരിക്കപ്പെട്ട ബജറ്റിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് |
|---|---:|---:|
| മുന്നിരിപ്പ് | 18669352 | 19795225 |
| വരവ് | 189221366 | 81180205 |
| ചെലവ് | 202322264 | 80878180 |
| നീക്കിയിരിപ്പ് | 5568454 | 20097250 |

ബജറ്റ് പ്രൊവിഷനിൽ നിന്നും വ്യതിചലിച്ചുള്ള വരവ് /ചെലവുകളിൽ ചില ഉദാഹരണം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഹെഡ് | വാർഷിക കണക്ക് പ്രകാരമുള്ളത് | പുതുക്കിയ ബജറ്റ് പ്രൊവിഷൻ | വ്യത്യാസം |
|---|---|---:|---:|---:|
| 1 | 110 | 6291443 | 5900000 | 3,91,443 |
| 2 | 160 | 137175124 | 48700000 | 88475124 |
| 3 | 220 | 1372066 | 1784000 | 411934 |
| 4 | 230 | 2035415 | 2440000 | 4,04,585 |
| 5 | 250 | 8583370 | 8050000 | 5,33,370 രൂപ അധികം ചെലവഴിച്ചു. |
| 6 | 251 | 45726141 | 30010000 | 1,57,16,141 രൂപ അധികം ചെലവഴിച്ചു. |
| 7 | 252 | 5032501 | 4300000 | 7,32,501 രൂപ അധികം ചെലവഴിച്ചു. |
| 8 | 254 | 50733300 | 48700000 | 20,33,300 രൂപ അധികം |

| | | | | |
|---|---|---|---|---|
| | | | | ചെലവഴിച്ചു. |
| 9 | 255 | 17358863 | 15960000 | 13,98,863/- രൂപ അധികം ചെലവഴിച്ചു. |

എസ്റ്റിമേറ്റിലെ കൃത്യതയില്ലായ്മയാണ് ഇതിൽനിന്നും വ്യക്തമാകുന്നത് .

ബജറ്റ് ഫയൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

തൻവർഷം ബജറ്റിന്റെ ഭാഗമായി തയ്യാറാക്കേണ്ട ബജറ്റ് നോട്ട്, വർക്ക് ഷീറ്റുകൾ, ജന്റർ ബജറ്റ്, പെർഫോമൻസ് ബജറ്റ് എന്നിവ തയ്യാറാക്കിയിട്ടില്ല. ഇത് കൊണ്ട് തന്നെ ബജറ്റ് അപൂർണ്ണമാണെന്ന കാണാം. തുടർ വർഷങ്ങളിൽ അപാകതകളില്ലാതെ ബജറ്റ് തയ്യാറാക്കി പരിശോധനയ്ക്ക് നല്കേണ്ടതുമാണ്.

വാർഷിക പദ്ധതി അടങ്കൽ തുകയും ബജറ്റ് പ്രൊവിഷനും പൊരുത്തപ്പെടുന്നില്ല

പ്ലാൻ റവന്യൂ ചെലവുകൾക്കും മൂലധന ചെലവുകൾക്കും ബജറ്റ് ഷെഡ്യൂൾ 9, 12 എന്നിവ പ്രകാരം ആകെ വകയിരുത്തിയ തുക 7,11,65,000/- രൂപയാണ്. വാർഷിക പദ്ധതി ചെലവുകൾക്ക് വകയിരുത്തിയതെന്ന് കാണാം. എന്നാൽ സ്ഥാപനത്തിന്റെ പദ്ധതി അടങ്കൽ 99442085/- രൂപയുടേതായിരുന്നു. 2,82,77,085 രൂപയുടെ പദ്ധതികൾക്ക് ബജറ്റ് പ്രൊവിഷനില്ലാതെയാണ് അംഗീകാരം നല്കിയതെന്ന് കാണാം.

1994 ലെ കേരളപഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 214, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ബജറ്റ് മാന്വൽ എന്നിവ പ്രകാരം ബജറ്റ് തയ്യാറാക്കുമ്പോൾ ചുവടെ ചേർക്കുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

(1). ഡിസംബർ അവസാന വാരം ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും (ഘടക സ്ഥാപനങ്ങളിലെ ഓഫീസ് തലവന്മാരിൽ നിന്നും) തൻവർഷത്തെ റിവൈസ്ഡ് ബജറ്റിനുള്ള പ്രൊപ്പോസലുകളും ബജറ്റ് വർഷത്തേക്കുള്ള പ്രൊപ്പോസലുകളും സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്. നോൺ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ഘടകസ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ച് ചേർക്കേണ്ടതാണ്.

(2). സെക്രട്ടറി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങൾ ജനവരി മാസം ആദ്യ വാരത്തിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്ത് തീരുമാനിക്കണം. ജനവരി 15 നകം സ്റ്റാന്റിംഗ് കമ്മിറ്റികളുടെ നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് ലഭിക്കണം.

(3). ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഈ നിർദ്ദേശങ്ങൾ ചർച്ച ചെയ്ത് അംഗീകരിച്ച വാർഷികപദ്ധതിയും മുൻകൂട്ടി തയ്യാറാക്കിയ നോൺ പ്ലാൻ എസ്റ്റിമേറ്റും സംയോജിപ്പിച്ച് കരട് ബജറ്റ് തയ്യാറാക്കുകയും ആവശ്യമെങ്കിൽ മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരെയും ഉദ്യോഗസ്ഥരെയും ക്ഷണിക്കേണ്ടതുമാണ്.

ബജറ്റ് രൂപീകരണ പ്രക്രിയയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ബജറ്റ് മാന്വലിലും പഞ്ചായത്ത് രാജ് നിയമങ്ങളിലും പരാമർശിക്കുന്ന നടപടിക്രമങ്ങൾ പാലിക്കപ്പെടുന്നുണ്ട് എന്ന് സെക്രട്ടറിയും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും ഉറപ്പ് വരുത്തേണ്ടതാണ്.

1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2021 | 30.04.2021 |

### 1-2-1 വാർഷിക കണക്ക് - അപാകതകൾ

2020-21 വർഷത്തെ വാർഷിക കണക്ക്, അനുബന്ധ രജിസ്റ്ററുകൾ, സാംഖ്യ റിപ്പോർട്ടുകൾ എന്നിവ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരം വാർഷിക കണക്കുകൾക്കൊപ്പം ഉൾപ്പെടുത്തേണ്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

2. ബാലൻസ്ഷീറ്റിലെ ബി-11 ഷെഡ്യൂളുമായി താരതമ്യം ചെയ്യത്തക്ക രീതിയിൽ ആസ്തി രജിസ്റ്റർ കാലികമാക്കി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

3. വിവിധ സംയുക്ത പദ്ധതികൾക്കായി ഗ്രാമപഞ്ചായത്തിന് ലഭ്യമായിട്ടുള്ള ബ്ലോക്ക് പഞ്ചായത്ത് വിഹിതം 15,60,000/- രൂപ ചെലവഴിക്കാതെ പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്നു. പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം മേൽ തുക ബ്ലോക്ക് പഞ്ചായത്തിൽ തിരികെ അടവാക്കേണ്ടതാണ്.

4. ഗ്രാമപഞ്ചായത്തിൽ ഇ-ടെണ്ടർ മുഖേന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെങ്കിലും ടെണ്ടർ ഫീ ഇനത്തിലുള്ള വരവ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല.

5. B 9 ഷെഡ്യൂൾ പ്രകാരം Other Liabilities ചുവടെ രേഖപ്പെടുത്തും പ്രകാരം വകയിരുത്തിയതിലും,അടവാക്കിയതിലും വ്യത്യാസമുണ്ട്.

| ക്രമ നം | ഇനം | വകയിരുത്തിയത് | അടവാക്കിയത് | വ്യത്യാസം |
|---|---|---|---|---|
| 1 | Employees -Pension Contribution Payable | 85956 | 72340 | 13616 |
| 2 | LIC | 5081 | 5886 | 805 |
| 3 | SLI | 7400 | 8200 | 800 |
| 4 | GIS | 5200 | 5700 | 500 |
| 5 | KPEPF | 66462 | 79000 | 12538 |
| 6 | Refund Of Unutilised Grant Prior Period | 32709 | 0 | 32709 |

ക്രമ നം. 1 മുതൽ 5 വരെയുള്ള ഇനങ്ങളിൽ വകയിരുത്തിയതിലും ,അടവാക്കിയതിലും വന്ന വ്യത്യാസം വ്യക്തമാക്കേണ്ടതും, ക്രമ നം.6 എന്നിവ സർക്കാരിലേക്ക് അടവാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

7. ചുവടെ പറയുന്ന അക്കൗണ്ടുകളിൽ ട്രാൻസാക്ഷൻ ഇല്ല .

| ക്രമ നം | അക്കൗണ്ട് വിവരങ്ങൾ | നിക്കീബാക്കി |
|---|---|---|
| 1 | SMGB SSA 9039 | 137513 |
| 2 | SMGB LITERACY (7630) | 2231 |
| 3 | SMGB MN LAKSHAMVEEDU -(9959) | 266442 |
| 4 | സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ഹരിതകർമ്മസേന | 747 |

പ്രത്യേക പദ്ധതി ചെലവുകൾക്കായി തുടങ്ങിയ അക്കൗണ്ടുകളുടെ ആവശ്യകത പരിശോധിച്ച് ആവശ്യകത മുൻനിർത്തി നിലനിർത്തേണ്ടവ മാത്രം നിലനിർത്തി കാലാവധി പൂർത്തിയായവ നീക്കിയിരിപ്പുള്ള തുക ബന്ധപ്പെട്ട ഹെഡിൽ തിരികെ അടവാക്കേണ്ടതാണ്.

8. എം.എൻ.ആർ.ഇ.ജി.എസിന്റെ വരുമാനമായി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ രേഖപ്പെടുത്തിയിരിക്കുന്ന തുക ₹2,02,61,331/- രൂപയാണ്. എന്നാൽ എം.എൻ.ആർ.ഇ.ജി.എ. യുടെ ലഭ്യമാക്കിയ കണക്കുകൾ പ്രകാരം വരുമാനം ₹2,24,64,000ആണ്. 22,02,669/- രൂപയുടെ വ്യത്യാസമുണ്ട്.

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി (4/2020 –21/27.05.22)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിക്കേണ്ടതും, മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## 1- 3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 19795225 |
| വരവ് | 81180205 |
| ആകെ | 100975430 |
| ചെലവ് | 80878180 |
| നീക്കിയിരിപ്പ് | 20097250 |

## 1-4 ഫണ്ട് വിനിയോഗം ( ACR)

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി/ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് -ജനറൽ(ACR പ്രകാരം) | 0 | 15126568 | 15126568 | 15007493 | 119075 |
| വികസന ഫണ്ട്- എസ്.സി.പി(ACR പ്രകാരം) | 0 | 7405723 | 7405723 | 6118796 | 1286927 |
| വികസന ഫണ്ട്- ടി.എസ്.പി(ACR പ്രകാരം) | 0 | 129000 | 129000 | 63080 | 65920 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 8370000 | 8370000 | 8369933 | 67 |
| മെയിന്റനൻസ്, നോൺ-റോഡ്(ACR പ്രകാരം) | 0 | 3982310 | 3982310 | 3082584 | 899726 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 8018599 | 8018599 | 7493382 | 525217 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ | | 5070000 | 5070000 | 1383424 | 3686576 |

| | | | | | |
|---|---|---|---|---|---|
| പെർഫോമൻസ് ഗ്രാന്റ് | | | | | |
| സാക്ഷരത | 2231 | 0 | 2231 | 0 | 2231 |
| ദുരിതാശ്വാസനിധി | 8487 | 35435 | 43922 | 43000 | 922 |
| എം.പി ഫണ്ട് | 32577 | 492108 | 524685 | 490000 | 34685 |
| എസ്.എസ്.എ | 11274 | 4247 | 15521 | 0 | 15521 |
| എം.എൻ ലക്ഷം വീട് | 258213 | 8229 | 266442 | 0 | 266442 |
| ജോയിന്റ് വെഞ്ചർ | 1560363 | 0 | 1560363 | 560363 | 10,00,000 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 251 | 99442085 | 202 | 62772481 | 32 | 49 | 63.12 |

വകയിരുത്തിയതിന്റെയും നടപ്പിലാക്കിയതിന്റെയും വിശദാംശങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷിഓഫീസർ | 14 | 14 | 4942816 | 4518537 | 91.41% |
| വെറ്ററിനറി സർജൻ | 10 | 9 | 2350751 | 1989620 | 84.62 |
| മെഡിക്കൽ ഓഫീസർ) (പി.എച്ച്.സി) | 2 | 2 | 950000 | 752956 | 79.25% |
| മെഡിക്കൽ ഓഫീസർ) (ഹോമിയോ) | 1 | 1 | 300000 | 300000 | 100% |
| മെഡിക്കൽ ഓഫീസർ) (ആയുർവ്വേദം) | 2 | 2 | 700000 | 699280 | 99.89% |

| | | | | | |
|---|---|---|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | 164 | 133 | 35160044 | 25631779 | 72.9% |
| വില്ലേജ് എകസ്റ്റൻഷൻ ഓഫീസർ | 7 | 7 | 34378600 | 13481100 | 39.21% |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 8 | 3 | 7942490 | 7406598 | 93.25% |
| സെക്രട്ടറി | 35 | 24 | 9084836 | 5163484 | 56.83% |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 1938348 | 1438348 | 74.20 |
| അസി.സെക്രട്ടറി | 2 | 2 | 350000 | 193202 | 55.20 |
| ഹെഡ്മാസ്റ്റർ | 4 | 3 | 1344200 | 1197577 | 89.09% |
| ആകെ | | | 99442085 | 62772481 | 63.12% |

ഡി.പി.സി. അഗീകാരം ലഭിച്ച 251 പ്രൊജക്ടുകളില് 202 എണ്ണം ഓഡിറ്റ വർഷം നടപ്പാക്കിയിട്ടുണ്ട്. ആകെ പദ്ധതി അടങ്കലായി 99442085 /-രൂപ വകയിരുത്തിയതിൽ 62772481/-രൂപ പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 6714826 /-രൂപ തനത ഫണ്ടിൽ നിന്നമാണ് ചെലവഴിച്ചിട്ടുള്ളത്.

ഡി.പി.സി.അംഗീകാരം ലഭിച്ച 164 മരാമത്ത് പ്രൊജക്ടുകളിൽ 133 പ്രവൃത്തികളാണ് തൻവർഷം നടപ്പാക്കിയിട്ടുള്ളത്. പല ഫണ്ടുകളിൽ നിന്നായി പൊതുമരാമത്ത് പ്രോജക്ടുകൾക്ക് ആകെ 35160044/-രൂപ വകയിരുത്തിയതിൽ 25631779/-രൂപയാണ് 2020-21 വർഷത്തിൽ ചെലവഴിച്ചത്. അതായത് 72.9% തുക മാത്രമേ ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂ.

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | ചെലവഴി ക്കാത്ത തുക / നഷ്ടപ്പെട്ട തുക |
|---|---|---|---|---|---|
| വികസന ഫണ്ട് -ജനറൽ(ACR പ്രകാരം) | 0 | 15126568 | 15126568 | 15007493 | 119075 |
| വികസന ഫണ്ട്-എസ്.സി.പി(ACRപ്രകാരം) | 0 | 7405723 | 7405723 | 6118796 | 1286927 |
| വികസന ഫണ്ട്-ടി.എസ്.പി(ACR പ്രകാരം) | 0 | 129000 | 129000 | 63080 | 65920 |
| മെയിന്റനൻസ്, റോഡ്(ACR പ്രകാരം) | 0 | 8370000 | 8370000 | 8369933 | 67 |
| മെയിന്റനൻസ്, നോൺ-റോഡ് (ACRപ്രകാരം) | 0 | 3982310 | 3982310 | 3082584 | 899726 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 8018599 | 8018599 | 7493382 | 525217 |

| | | | | | |
|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ പെർഫോമൻസ് ഗ്രാന്റ് | | 5070000 | 5070000 | 1383424 | 3686576 |
| | | 48102200 | 48102200 | 41518692 | 6583508 |

തൻവർഷം പദ്ധതി ചെലവുകൾക്കായി ലഭിച്ച തുകയില് 65,83,508/- രൂപ സമയബന്ധിതമായ പദ്ധതി ആസൂത്രണത്തിന്റെയും, മോണിറ്ററിംഗിന്റെയും അഭാവത്തിൽ ഗ്രാമപഞ്ചായത്തിന് നഷ്ടപ്പെട്ടു. പദ്ധതി സമയബന്ധിതമായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് തുടർ വർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 81,83,300 | 508 |
| വിധവാപെൻഷൻ | 1,51,10,100 | 947 |
| വാർദ്ധക്യകാലപെൻഷൻ | 2,17,95,500 | 1623 |
| വികലാംഗപെൻഷൻ | 45,09,200 | 133 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 1,80,000 | 6 |
| തൊഴിലുറപ്പ് പദ്ധതി നൂറുദിനം തികച്ചവർക്കുള്ള ധനസഹായം | 2,82,000 | 282 |

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ്

പരിശോധന 24.5.2022 ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1355/- രൂപ ക്യാഷ് നീക്കിയിരിപ്പ് ബോദ്ധ്യപ്പെട്ടു.

## 1- 8 അഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തരനിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലയിലെ പഞ്ചായത്തിന്റെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ അഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടേണ്ടതുണ്ടെന്ന് കാണുന്നു.

വിവരാവകാശം ഫയലുകൾ,ഓഫീസ് ഓർഡർ,പരാതി രജിസ്റ്റർ എന്നിവ രേഖപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. കാഷ്ബുക്ക്, ഡേബുക്ക് എന്നിവ ദിവസേന സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. ഡേ ബുക്കിനോടൊപ്പം പ്രിന്റെടുത്ത് സൂക്ഷിക്കേണ്ട അതാത് ദിവസത്തെ കാൻസൽഡ് റസീറ്റുകൾ പ്രിന്റെടുത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ബാങ്ക്, ട്രഷറി അക്കൗണ്ടുകളുടെ പ്രതിമാസ റീക്കൺസിലേഷൻ തയ്യാറാക്കിയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. വിവിധ ഡി.സി.ബി.രജിസ്റ്ററുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ വിവിധ വരവിനങ്ങൾ പിരിച്ചെടുക്കുന്നതിലെ പുരോഗതി വിലയിരുത്തേണ്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ഡിമാന്റ് ചെയ്യപ്പെട്ട നികുതി/ നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തുന്നുണ്ടെങ്കിലും കേരള പഞ്ചായത്ത് രാജ് നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടി ക്രമങ്ങൾ പാലിച്ച് നികുതി , നികുതിയേതര വരുമാനങ്ങൾ മുഴുവൻ ഡിമാന്റ് ചെയ്യപ്പെടുന്നു എന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ ബന്ധപ്പെട്ട സെക്ഷനുകൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നില്ല. ഇത്തരം നടപടികളുടെ അപര്യാപ്തതമൂലം പഞ്ചായത്തിന് വരുമാനനഷ്ടം ഉണ്ടാവാൻ ഇടയാകുന്നു. (ഖണ്ഡിക 1-10,1-11,1-13 കാണുക) ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പ്രതിമാസ വരവുചെലവുകണക്കുകൾ അംഗീകരിക്കുമ്പോൾ കണക്കുമായി ബന്ധപ്പെട്ടരേഖകളും രജിസ്റ്ററുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

ധനമാനേജ്മെന്റിന്റെ അടിസ്ഥാനമായ ബജറ്റ് തയ്യാറാക്കുന്നതിൽ നിയമപ്രകാരമുള്ള നടപടികൾ പാലിക്കുന്നതിൽ പഞ്ചായത്തിന് വീഴ്ച ഉണ്ടായിട്ടുണ്ട്. നിർവഹണ ഉദ്യോഗസ്ഥർ സമർപ്പിച്ച് ബജറ്റ് പ്രൊപ്പോസലുകളും ആയതിന്റെ അടിസ്ഥാനത്തിൽ സ്റ്റാന്റിംഗ് കമ്മറ്റികൾ അംഗീകരിച്ചുനൽകിയ ബജറ്റ് നിർദ്ദേശങ്ങളും അടങ്ങുന്ന ഫയൽ സൂക്ഷിച്ചിട്ടില്ല. മാത്രമല്ല പഞ്ചായത്ത് സാമ്പത്തിക വർഷം തയ്യാറാക്കിയ ബജറ്റ്സംക്ഷിപ്ത പ്രകാരമുള്ള കണക്കുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്ലാനും ബജറ്റും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. ചൂണ്ടിക്കാട്ടിയ അപാകതകൾ പരിഹരിച്ച് , അഭ്യന്തരനിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-9 അനധികൃതമായി കുന്ന് ഇടിച്ച് നിരത്തി തുടർനടപടികൾ സ്വീകരിച്ചില്ല

ഫയൽ നമ്പർ ബി 5/1741/2020

ഗ്രാമപഞ്ചായത്തിലെ ഗോതമ്പ് റോഡ് - കൊട്ടക്കയം പ്രദേശത്ത് പ്രവർത്തിക്കുന്ന പോബ്സൺ ക്രഷറിന് താഴെ അനധികൃതമായി 10 ഏക്കറോളം സ്ഥലം കുന്നിടിച്ച് നിരത്തി 15 മീറ്റർ ഉയരത്തിൽ മണ്ണും ,വലിയ പാറക്കഷണങ്ങളും കൂട്ടിയിട്ടിരിക്കുന്നുവെന്നും, ഇത് ഈ സ്ഥലത്തിന് താഴെ താമസിക്കുന്ന 40 ഓളം കുടുംബങ്ങൾക്ക് ജീവന് ഭീഷിണിയായി മാറിയിട്ടുണ്ടെന്നും, വേനൽ മഴയിൽ ഈ കുടുംബങ്ങൾ കുടിവെള്ളത്തതിന് ഉപയോഗിക്കുന്ന നീരുറവയിലേക്ക് മണ്ണ് പതിക്കുകയും , കുടിവെള്ളം മുട്ടുന്നതായും 214 പേർ ഒപ്പിട്ട ഒരു പരാതി ഗ്രാമപഞ്ചായത്തിന് 5.5.20 ന് ലഭിച്ചു.

സെക്രട്ടറി ,വാർഡ് മെമ്പർ,അസിസ്റ്റന്റ് എഞ്ചിനീയർ (എൽ.എസ്.ജി.ഡി വിഭാഗം) എന്നിവർ

പ്രസ്തുത സ്ഥലം 5.5.20 ന് പരിശോധന നടത്തി 6.5.20 ന് റിപ്പോർട്ട് നൽകി. പരാതിയിൽ പറഞ്ഞ കാര്യങ്ങളെ പ്രസ്തുത റിപ്പോർട്ട് ശരി വെച്ചു. തുടർന്ന് അനന്തര നടപടികൾക്കായി ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയ്ക്ക് കത്ത് അയച്ചു. 13.05.2020 ലെ A(1) നമ്പര് തീരുമാന പ്രകാരം മണ്ണ് നീക്കം ചെയ്യാൻ സെക്രട്ടറിയെ ഭരണസമിതി ചുമതലപ്പെടുത്തി. ഇതിന്റെ അടിസ്ഥാനത്തിൽ മണ്ണ് നീക്കം ചെയ്യാൻ സ്ഥലമുടമയ്ക്ക് സെക്രട്ടറി നിർദ്ദേശം നൽകി. ഈ നിർദ്ദേശ പ്രകാരം സ്ഥലമുടമ മണ്ണ് നീക്കം ചെയ്യാൻ പോയപ്പോൾ അത് തടസ്സപ്പെടുത്തിയതായും ഈ സ്ഥാപനത്തിന്റെ മേൽ നോട്ടത്തിൽ മാത്രമാണ് പ്രവർത്തി ചെയ്യാനാകൂ എന്ന് സെക്രട്ടറിയെ 01.06.20 ന് അറിയിച്ചു. ഈ കുന്ന് ഇടിച്ചതിനാൽ സാമൂഹികാരോഗ്യ കേന്ദ്രത്തിന് ഭീഷണി ഉള്ളതായി മെഡിക്കൽ ഓഫീസർ 03.06.2020 ന് റിപ്പോർട്ട് നൽകിയിട്ടുണ്ട്. സ്റ്റേഷൻ ഓഫീസർ മുക്കം അഗ്നി രക്ഷാനിലയും 08.06.2020 ന് നൽകിയ റിപ്പോർട്ടിൽ ഇപ്പോഴും പ്രദേശത്ത് മണ്ണും പാറക്ഷണങ്ങളും കൂട്ടിയിട്ടിരിക്കുകയാണെന്നും, ഇത് അപകടകരമായ അവസ്ഥയിലാണ് എന്നും ഗ്രാമപഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്.

ഫയൽ പരിശോധിച്ചതിൽ താഴെകൊടുക്കുന്ന അപാകതകൾ കാണുന്നു.

1. ജില്ലാ ദുരന്തനിവാരണ അതോറിറ്റിയും ശ്രദ്ധയിൽപ്പെടുത്തിയ ഈ പ്രശ്നത്തിന് പരിഹാരമായി മണ്ണ് നീക്കം ചെയ്യാൻ അനന്തര നടപടി സ്വീകരിക്കണമെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് ജില്ലാ കലക്ടർ 11.08.20 നിർദ്ദേശിച്ചിട്ടുണ്ട്.എന്നാൽ തുടർനടപടി സ്വീകരിച്ചതായി കാണുന്നില്ല. (ഫയൽ ബി 5-3544/20 )

2. 25.11.2019 ലെ 4406/(1)/19 നമ്പർ ഓഫീസ് ഉത്തരവ് പ്രകാരം 4ാം വാർഡിന്റ നികുതി പിരിവ് ഉൾപ്പെടെ വാർഡ് ചുമതല ബി1 സെക്ഷന്റെ ചുമതല വഹിക്കുന്ന നാസർ. കെ, ക്ലർക്കിനാണ്. മേൽ സൂചിപ്പിച്ച പ്രകാരം 10 ഏക്കറോളം സ്ഥലം ഇടിച്ച് നിരത്തിയത് വാർഡിന്റെ ചുമതല വഹിക്കുന്ന സെക്ഷൻ ക്ലാർക്ക് അറിയാതെ പോയത് സംശയകരമാണ്. പ്രദേശവാസികൾ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ പിന്നീട് ബി 5 സെക്ഷൻ ആണ് ഇതിൽ നടപടി സ്വീകരിച്ചത് . ലാൻഡ് ഡവലപ്മെന്റ് പെർമിറ്റ് ലഭ്യമാക്കാതെ ഒരു സ്വകാര്യ വ്യക്തി ഇത്രയധികം സ്ഥലം ഡവലപ്മെന്റ് നടത്തിയത് ശരിയായ നടപടിയില്ല. ഇക്കാര്യത്തിൽ സെക്ഷന്റെ വീഴ്ച ഗുരുതരമാണ്.

അപാകതകൾക്ക് നടപടി സ്വീകരിച്ച് മണ്ണ് നീക്കം ചെയ്ത ഭൂമി പൂർവ്വസ്ഥിതിയിലാക്കാൻ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതും, ദുരന്ത നിവാരണ അതോറിറ്റിയുടെ നിർദ്ദേശം പാലിക്കുന്നതിന് ബി1 സെക്ഷന്റെ വീഴ്ചയ്ക്കും, വിശദീകരണം നൽകേണ്ടതാണ്.

## 1-10 വസ്തുനികുതി പുനർനിർണ്ണയിക്കാത്തതിനാൽ നഷ്ടം

ഗ്രാമപഞ്ചായത്തിന്റ 2020-21 വർഷത്തെ വരവിനങ്ങളുടെ ഓഡിറ്റിന്റെ ഭാഗമായി വസ്തുനികുതി നിർണ്ണയഫയൽ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

ഫയൽ നമ്പർ - A3-3354/2020 തീയതി 10/08/2020

2011 ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിൽ കെട്ടിടത്തിന്റെ വിവിധ ഉപയോഗക്രമമനുസരിച്ച് അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. ആയതിൽ 100 $M^2$ വരെ തറ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിന് അടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്രമീറ്ററിന് 40/- രൂപയും, 100 $M^2$ന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിന് അടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്രമീറ്ററിന് 60/- രൂപയും, 200 $M^2$ന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിന് ചതുരശ്രമീറ്ററിന് 80/- രൂപയുമാണ്.

BL- 334/14-15 പെർമിറ്റ് പ്രകാരമുള്ള വാണിജ്യകെട്ടിടം ഭാഗികമായി പൂർത്തികരിച്ച് തറ നിലയ്ക്ക് (168.50 ച.മീറ്ററിന്) 2018-19 വർഷം 100 $M^2$ന് മുകളിൽ ബാധകമായ നികുതി നിരക്കായ 60 രൂപ നിരക്കിൽ നികുതി നിർണ്ണയിച്ച് ഈടാക്കിയിരുന്നു. മേൽ കെട്ടിടം പൂർത്തികരിച്ച് 27/07/2020 ലെ

കംപ്ലീഷൻ സർട്ടിഫിക്കറ്റ് പ്രകാരം നമ്പർ ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷ പരിഗണിച്ച് ഒന്നാം നില,സ്റ്റെയർ എന്നിവയുടെ തറവിസ്തീർണ്ണമായ 223.87 ച.മീറ്ററിന് 200 $M^2$ന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിന് ബാധകമായ ചതുരശ്രമീറ്ററിന് 80/- രൂപ നിരക്കിൽ നികുതി നിർണ്ണയിച്ച് ഈടാക്കിയിട്ടുമുണ്ട്. എന്നാൽ 2018-19 വർഷം പൂർത്തീകരിച്ച തറനിലയ്ക്ക് (168.50ച.മീറ്ററിന്) 80/- രൂപ നിരക്കിൽ നികുതി പുനർനിർണ്ണയിച്ച് ഈടാക്കാത്തതിനാൽ നികുതി നഷ്ടം സംഭവിച്ചിരിക്കുന്നു. കൂടാതെ മുഹമ്മദ് മോൻ തനത് ചാരിറ്റബിൾ ട്രസ്റ്റ് എന്നിവരുടെ ഓഫീസ് ആവശ്യത്തിനുള്ള കെട്ടിടത്തിന്റെയും പൂർത്തീകരണ പ്ലാൻ പ്രകാരമുള്ള മുഴവൻ തറ വിസ്തീർണ്ണത്തിനും നികുതി നിർണ്ണയിക്കാത്തിനാലും, പെർമിറ്റിൽ നിന്ന് വ്യതിചലിച്ച് അധികം നിർമ്മാണത്തിന് ക്രമവത്കരണ ഫീ ഈടാക്കാത്തതിനാലും നഷ്ടം ഉണ്ടായിട്ടുണ്ട്.

വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഉടമസ്ഥന്റെ പേര്, മേൽവിലാസം | കെട്ടിട തറ വിസ്തീർണ്ണം | കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള/ നികുതി ഈടാക്കിയ തറ വിസ്തീർണ്ണം | ഈടാക്കിയ നികുതി/ പുനർ നിർണ്ണയി ക്കാനുള്ള ഏരിയ | ഈടാക്കേണ്ട നികുതി | വ്യത്യാസം |
|---|---|---|---|---|---|---|
| 1 | ശ്രീ സലാഹുദ്ദീൻ S/o മുഹമ്മദ്, കട്ടയാട്ട്,ചെറുവാടി | തറനില = 168.50<br>ഒന്നാം നില = 207.61<br>സ്റ്റെയർ = 16.26<br>392.37 | 392.37 ച.മീറ്റർ | 168.50ച.മീ<br>168.50x60-10%+20% =11123 + 560 L.C | 168.50x80-10%+20% =14827 + 741 L.C | 3704+181 |
| 2 | മുഹമ്മദ് മോൻ തനത് ചാരിറ്റബിൾ ട്രസ്റ്റ് | തറനില = 119.06<br>ഒന്നാം നില = 119.06<br>238.12 $M^2$ | 213.13ച.മീറ്റർ | 213.13x30-10%+20% =7034 + 352 L.C | 238.12x30-10%+20% =7857 + 393 L.C | 823+41 |
| | | | | | | 4527 +222 |

ക്രമ നമ്പർ (1) പ്രകാരമുള്ള കെട്ടിടത്തിന് പൂർത്തികരണ പ്ലാൻ നൽകിയപ്പോൾ വസ്തുനികുതി പുനർനിർണ്ണയിക്കാത്തിനാലും 168.50 ച.മീ തറവിസ്തീർണ്ണത്തിന് 100 $M^2$ന് വരെ തറവിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിന് അടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്രമീറ്ററിന് 60/- രൂപ എന്ന രീതിയിൽ കണക്കാക്കിയതിനാലും വസ്തുനികുതി ഈടാക്കിയതിൽ തൻവർഷം മുതൽ 3704/-രൂപയും, ലൈബ്രറി സെസ്സിനത്തില് 181/-രൂപയും നഷ്ടമുണ്ടായിട്ടുണ്ട്. കൂടാതെ ക്രമ നമ്പർ (2) പ്രകാരമുള്ള കെട്ടിടത്തിന് പൂർത്തികരണ പ്ലാൻ അടിസ്ഥാനപ്പെടുത്തി നികുതി നിർണ്ണയിക്കാത്തിനാൽ വസ്തുനികുതി ഈടാക്കിയതിൽ തൻവർഷം മുതൽ 823/-രൂപയും, ലൈബ്രറി സെസ്സിനത്തില് 41/-രൂപയും ,

ക്രമവത്ക്കരണ ഫീ ഇനത്തിൽ 500/-രൂപയും (24.99x10x2=499.8) നഷ്ടമുണ്ടായിട്ടുണ്ട്.

മേൽ അപാകതയ്ക്ക് മറുപടി ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി (7/2020-21 തീയതി - 27.05.2022) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

2011 ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ വസ്തു നികുതി ബാധകമായ മുഴുവൻ കെട്ടിടങ്ങളുടെയും വസ്തു നികുതി പുനപരിശോധിച്ച് പുനർ നിർണ്ണയിച്ച് നികുതിയിനത്തിൽ നഷ്ടം വന്ന 4527/-രൂപയും, ഗ്രന്ഥശാലാവരിയിനത്തിൽ നഷ്ടം വന്ന 222/-രൂപയും, ക്രമവത്ക്കരണ ഫീ ഇനത്തിൽ 500/-രൂപയും ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതും. കെട്ടിടങ്ങളുടെ നികുതി നിർണ്ണയിക്കുമ്പോൾ കംപ്ലീഷൻ പ്ലാൻ പ്രകാരവും, യഥാർത്ഥത്തിൽ ബാധകമായ സ്റ്റേജ് പരിഗണിച്ചും നികുതി നിർണയിച്ചിട്ടുണ്ടെന്ന് സെക്രട്ടറിയും, ഭരണസമിതിയും ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-11 വേക്കൻസി റെമിഷന് അപേക്ഷ ലഭിച്ച തിയതിക്കു മുമ്പെ നികുതി ഇളവ് അനുവദിച്ചു

ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി ഫയലുകൾ പരിശോധിക്കുന്നതിന്റെ ഭാഗമായി, ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി മിനുട്സ്, വേക്കൻസി റെമിഷൻ രജിസ്റ്റർ, സഞ്ചയ സോഫ്റ്റ് വെയറിലെ വേക്കൻസി റെമിഷൻ വിവരങ്ങൾ, അപേക്ഷ എന്നിവ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകത ചുവടെ കൊടുക്കുന്നു.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 21(ബി)1-ാം ഉപചട്ടപ്രകാരം നികുതി ഇളവ് ചെയ്തുകിട്ടുന്നതിനുള്ള കാലം കണക്കാക്കേണ്ടത് , ആ ആവശ്യത്തിനുള്ള നോട്ടീസ് നൽകിയ തീയതി മുതൽക്കോ കെട്ടിടം ഒഴിഞ്ഞു കിടന്ന തീയതി മുതൽക്കോ, ഇതിൽ ഏത് ഒടുവിൽ വരുന്നുവോ ആ തീയതി മുതൽ ആണ്. 2020-21 ലെ വേക്കൻസി റെമിഷൻ അപേക്ഷകൾ പരിശോധിച്ചതിൽ നികുതി ഒഴിവാക്കുന്നതിനുള്ള അപേക്ഷ ലഭിച്ച തിയതിക്കു മുമ്പെ നികുതി ഇളവ് ചെയ്തു കൊടുത്തതായി കാണുന്നു. ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | കെട്ടിട ഉടമയുടെ പേര് | കെട്ടിട നമ്പർ | അപേക്ഷ തിയ്യതി | ഇളവ് അനുവദിച്ച തിയ്യതി |
|---|---|---|---|---|
| 1 | നാസർ തേട്ടത്ത് | 8/518 C | 28/04/20 | 01/04/20 മുതൽ |
| 2 | കാർത്തായിനിയമ്മ, ശശികുമാർ, അനിത, അനിൽകുമാർ | 8/78 -8/81 | 05/05/20 | 01/04/20 മുതൽ |
| 3 | ജമീല വി.പി | 1/512 A,B | 28/05/20 | 01/04/20 മുതൽ |
| 4 | കുഞ്ഞോയി സി.ടി,; ചാലിൽ തൊടിക | 16/207 B,B,C,D | 01/06/20 | 01/04/20 മുതൽ |
| 5 | അബ്ദുസലാം , മാറ്റത്തൊടി | 8/319 A,F- O | 03/06/20 | 01/04/20 മുതൽ |
| 6 | സുലൈഖ ,കൂടത്തിൽ | 3/76 A-E | 25/06/20 | 01/04/20 മുതൽ |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി (12/ 2020-21 / 28.05.2022)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. നിയമപ്രകാരമല്ലാതെ വേക്കൻസി റെമിഷൻ നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-12 കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള മുഴുവൻ തറവിസ്തീർണ്ണത്തിനും നികുതി നിർണ്ണയിച്ചില്ല.

ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ഉടമസ്ഥതയിലുള്ള 172/1,18 ൽ റീ സർവ്വേയിൽ ഉൾപ്പെട്ട 73.97 ഏക്കർ സ്ഥലത്ത് 2835.27 ച.മീറ്ററിൽ RMC Plant, Inter Lock Unit ,Shed, Work Shop എന്നിവ നിർമ്മിക്കുന്നതിന് അനുബന്ധ രേഖകൾ സഹിതം അപേക്ഷ നൽകിയിട്ടുണ്ട്. പ്രസ്തുത അപേക്ഷ പരിഗണിച്ച് A3-BA(301993)/2019/ 18/01/2019 പ്രകാരം പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പെർമിറ്റ് പ്രകാരം ഭാഗികമായി പൂർത്തീകരിച്ച്, പൂർത്തികരിച്ച അത്രയും ഭാഗത്തിന് നമ്പർ ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷ പരിഗണിച്ച് എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എഞ്ചിനീയറുടെ സ്ഥലപരിശോധന റിപ്പോർട്ടിൽ ഒക്യുപെൻസിയിൽ E യിൽ 82.01 ച.മീറ്ററും, ഒക്യുപെൻസിയിൽ G1 യിൽ (525+229.62) 754.62ച.മീറ്ററും, ഒക്യുപെൻസിയിൽ I യിൽ (High Frequency Screen 36 $M^2$+Explosive Store Room 21.17 $M^2$+RMC Plant 74.25 $M^2$ (131.42 $M^2$) ഉൾപ്പടെ ആകെ 968.05 $M^2$ പൂർത്തികരിച്ചിട്ടുണ്ടെന്നും, ആയതിന് നികുതി ഈടാക്കാവുന്നതാണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് പ്രകാരം നികുതി നിർണ്ണയിച്ച് ഈടാക്കിയിട്ടുണ്ടെങ്കിലും, പൂർത്തികരിച്ച മുഴുവൻ തറ വിസ്തീർണ്ണത്തിനും നികുതി നിർണ്ണയിച്ച് ഈടാക്കിയിട്ടില്ല. അതിനാൽ തനത് ഫണ്ടിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഉടമസ്ഥന്റെ പേര്,മേൽവിലാസം | കെട്ടിട നമ്പർ | ഭാഗികമായി പൂർത്തീകരിച്ച തറവിസ്തീർണ്ണം | റെഗുലറൈസേഷൻ പ്ലാൻ പ്രകാരമുള്ള/ നികുതി ഈടാക്കിയ തറവിസ്തീർണ്ണം | നികുതി ഈടാക്കാത്ത ഏരിയ |
|---|---|---|---|---|---|
| 1 | ശ്രീ രമേശൻ ചെയർമാൻ, ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 7/66A<br>7/66B<br>7/66C<br>7/66D<br>7/66E | 82.01 $M^2$<br>525 $M^2$<br>229.62 $M^2$<br>21.17 $M^2$<br>74.25 $M^2$<br>932.05 $M^2$+<br>36 $M^2$<br>968.05 | 82.01 $M^2$<br>525 $M^2$<br>229.62 $M^2$<br>21.17 $M^2$<br>74.25 $M^2$<br>932.05 $M^2$ | 36 $M^2$ |

മേൽ പ്രകാരം 36 $M^2$ തറവിസ്തീർണ്ണത്തിന് നികുതി നിർണ്ണയിക്കാത്തതിനാൽ 36X40 - 10% +20% = 1440+144+288 = 1584/-രൂപ വസ്തുനികുതിയും, 79/- രൂപ ഗ്രന്ഥശാലാവരിയും 2020 – 21 മുതൽ നഷ്ടമുണ്ടായിട്ടുണ്ട്.

മേൽ അപാകതയ്ക്ക് മറുപടി ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി (5/2020-21 തീയതി - 27.05.2022) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. നികുതി നിർണ്ണയം നഷ്ടം നടത്തിയ ഉദ്യോഗസ്ഥന്റെയും, സൂപ്പർവിഷന്റെയും അപാകതകളാലാണ് നഷ്ടം സംഭവിച്ചിരിക്കുന്നത് ആയതിനാൽ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് മേൽ നഷ്ടം വന്ന തുക ഈടാക്കി തനത് ഫണ്ടിൽ അടവാക്കേണ്ടതാണ്. ഭാവിയിൽ നികുതി നിർണ്ണയം നടത്തുമ്പോൾ അപാകതകൾ ഉണ്ടാവാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-13 ബിൽഡിംഗ് പെർമിറ്റ് - തുടർനടപടികൾ സ്വീകരിച്ചതിന്റെ വിവരം ലഭ്യമല്ല.

ഫയൽ നമ്പർ -3638/20/21/12/2020

ശ്രീ.റസാഖ് വി,വിളക്കോട്ടിൽ, കാരക്കുറ്റി എന്ന വ്യക്തി കൊടിയത്തൂർ വില്ലേജിലെ റിസർവ്വേ നമ്പർ 79/85 ൽ ഉൾപ്പെട്ട .0215 ഹെക്ടർ സ്ഥലത്ത് 280.80 ച.മീറ്റർ തറവിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടം നിർമ്മിച്ച് ക്രമവത്ക്കരണത്തിനുള്ള അപേക്ഷയാണ് സമർപ്പിച്ചിട്ടുള്ളത്. എന്നാൽ പ്രസ്തുത അപേക്ഷ പരിഗണിച്ച അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ടിൽ അപാകതകൾ ചൂണ്ടികാണിച്ച് പ്ലാൻ നിരസിക്കുന്നതിനും, അപേക്ഷകന് അറിയിപ്പ് നൽകുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. മേൽ നിർദ്ദേശ പ്രകാരം സമർപ്പിച്ച പ്ലാനിലെ അപാകതകൾ കാണിച്ച് അപേക്ഷകനും,ബിൽഡിംഗ് സൂപ്പർവൈസർ ശ്രീ അബ്ദുൽ അസീസ് .ഇ.എടക്കണ്ടി എന്നിവർക്കും സെക്രട്ടറിയുടെ 21/12/2020 ലെ A3 -3638/20 നമ്പർ അറിയിപ്പ് നൽകിയിരുന്നു. എന്നാൽ നാളിതുവരെ അപാകതകൾ പരിഹരിച്ച് പ്ലാൻ പുനർസമർപ്പിച്ചതിന്റെയും തുടർ നടപടികളുടെയും വിവരം ഫയലിൽ ലഭ്യമല്ല.

പ്ലാൻ പ്രകാരമുള്ള കെട്ടിടത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| കെട്ടിടം | തറവിസ്തീർണ്ണം |
|---|---|
| Ground Floor (Exi) | 16.64 $M^2$ |
| Ground Floor (Add) | 64.48 $M^2$ |
| First Floor | 99.84 $M^2$ |
| Second Floor | 99.84 $M^2$ |
| | 280.80 ച.മീ |

അനുമതി ലഭിക്കാതെ തന്നെ കെട്ടിടത്തിന്റെ നിർമ്മാണം നിലവിൽ പൂർത്തീകരിച്ച് ക്രമവത്ക്കരിക്കുന്നതിനാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. എന്നിരുന്നിട്ടും അനധികൃത നിർമ്മാണത്തിനെതിരെ യാതൊരു നടപടിയും സ്വീകരിച്ചതായി ഫയലിൽ ലഭ്യമല്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടത്തിന് 235 എ എ പ്രകാരം ലെ ഉപചട്ടം 1 പ്രകാരം പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തുനികുതിയും, അതോടൊപ്പം അതിന്റെ രണ്ടിരിട്ടി വരുന്ന തുകയും ചേർന്നുള്ള തുക, നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന്റെ വസ്തു നികുതിയായി ഈടാക്കാവുന്നതാണ്. എന്നാൽ തുടർ നടപടികൾ സ്വീകരിക്കാത്തതിനാലും, അനധികൃത നിർമ്മാണം എന്ന് കണക്കാക്കി നികുതി ഈടാക്കാത്തതിനാലും നികുതി നഷ്ടം ഉണ്ടായതായി വിലയിരുത്തുന്നു.

മേൽ അപാകതകൾക്ക് വിശദീകരണവും, തുടർനടപടികൾ സ്വീകരിച്ചതിന്റെ വിവരവും ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി ( 11/2020-21 /28.05.22) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

സ്ഥലപരിശോധന നടത്തി കെട്ടിടം റെഗുലറൈസ് ചെയ്യുന്ന നാളുവരെ അനധികൃത നിർമ്മാണം എന്ന് കണക്കാക്കി നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ അനധികൃത നിർമ്മാണത്തിനെതിരേയുള്ള നിയമപരമായ നടപടികളും സ്വീകരിച്ചതിന്റെ വിവരങ്ങളും തുടർനടപടികളും മേൽ അപാകതകൾക്കുള്ള വിശദീകരണവും ലഭ്യമാക്കേണ്ടതാണ്.

## 1-14 അനർഹമായി പ്രൈസ് പ്രിഫറൻസ് നൽകി-ലേബർകോൺട്രാക്ട് സൊസൈറ്റിക്ക് പ്രവൃത്തി നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പൊതുമരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ നടപടികളിൽ സുതാര്യതയില്ലായ്മ കാണുന്നു. കോഴിക്കോട് ജില്ലാ ലേബർ കോൺട്രാക്ട് ആന്റ് കൺസ്ട്രക്ഷൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് എന്ന സ്ഥാപനത്തിന് അർഹതയില്ലാത്ത പ്രൈസ് പ്രിഫറൻസ് നൽകി പ്രവൃത്തി ഏൽപ്പിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷം കോഴിക്കോട് ജില്ലാ ലേബർ കോൺട്രാക്ട് ആന്റ് കൺസ്ട്രക്ഷൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് നൽകിയ പ്രവൃത്തികളുടെ ടെണ്ടറിൽ പങ്കെടുത്തവരും അവർ ക്വാട്ട് ചെയ്ത നിരക്കുകളും ചുവടെ കൊടുക്കുന്നു.

| പ്രവൃത്തിയുടെ പേര് , നമ്പർ | ടെണ്ടറിൽ പങ്കെടുത്തവർ | ക്വാട്ട് ചെയ്ത നിരക്ക് |
|---|---|---|
| കാരക്കുറ്റി പുൽപറമ്പ് റോഡ് 86/21 | പി.ഹംസ | 22.1% കുറവ് |
| | നിസാർഅഹമ്മദ് | 11.05% കുറവ് |
| | എം.ഇ.ജാസിദ് | 18.59% കുറവ് |
| | അബ്ദുൾ റഷീദ് | 15.3% കൂടുതൽ |
| | മൊഹമ്മദ് ആഷിക്ക് | 14.8% കുറവ് |
| | ലേബർ സൊസൈറ്റി | 13.6% കുറവ് |
| കാരക്കുറ്റി മാന റോഡ് 129/21 | പി.ഹംസ | 22.1% കുറവ് |
| | അബ്ദുൾ റഷീദ് | 19.4% കൂടുതൽ |
| | മൊഹമ്മദ് ആഷിക്ക് | 16.95% കുറവ് |
| | അഷറഫ് | 15.2% കുറവ് |
| | അബ്ദുൾ സലീം | 20.7% കുറവ് |

| | | |
|---|---|---|
| | ഉസ്മാൻ.വി.സി. | 18.6% കുറവ് |
| | ലേബർ സൊസൈറ്റി | 13.62% കുറവ് |
| ഇഷ്ടിക കമ്പനിപാടം റോഡ് 87/21 | പി.ഹംസ | 22.3%കുറവ് |
| | മൊഹമ്മദ് ആഷിക്ക് | 16.9%കുറവ് |
| | അബ്ദുൾ റഷീദ് | 15.01% കൂടുതൽ |
| | അബ്ദുൾ സലീം | 10.1%കുറവ് |
| | അഷറഫ് | 11.1%കുറവ് |
| | ലേബർ സൊസൈറ്റി | 13.6%കുറവ് |
| തോട്ടുമുക്കം മദ്രസ്സ പുഴയോരം റോഡ് 93/21 | പി.ഹംസ | 22.1%കുറവ് |
| | ഇ.കെ.അഹമ്മദ് കുട്ടി | 6%കുറവ് |
| | അബ്ദുൾ ഗഫൂർ.കെ | 18.3%കുറവ് |
| | ഉസ്മാൻ.വി.സി. | 16.6%കുറവ് |
| | ജാസിർ.എം.ഇ | 20.3%കുറവ് |
| | അബ്ദുൾ റഷീദ് | 19.3% കൂടുതൽ |
| | ലേബർ സൊസൈറ്റി | 13.61%കുറവ് |

മേൽ പ്രവൃത്തികളെല്ലാം സൊസൈറ്റിക്ക് ലഭിക്കത്തക്ക വിധം ശ്രീ പി.ഹംസ എന്ന കരാറുകാരൻ തുക ക്വാട്ട് ചെയ്യുന്ന രീതി ശ്രദ്ധയിൽപ്പെട്ടു. സൊസൈറ്റിയ്ക്ക് അനുവദനീയമായ 10% പ്രൈസ് പ്രിഫറൻസ് ലഭിച്ചാൽ ടെണ്ടർ സൊസൈറ്റിയ്ക്ക് കിട്ടുന്ന രീതിയിൽ, സൊസൈറ്റി ക്വാട്ട് ചെയ്യുന്നതിലും 10% ൽ അധികം ടെണ്ടർ കുറവ് ക്വാട്ട് ചെയ്യാതിരിക്കാൻ എല്ലാ പ്രവൃത്തികളിലും ശ്രീ. ഹംസ ശ്രദ്ധിച്ചതായി കാണുന്നു. ഇത് കരാറുകാരനുമായി അനാരോഗ്യകരമായ ഇടപെടൽ മേൽ സ്ഥാപനം നടത്തിയതിന്റെ ഫലമാകാമെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. സൊസൈറ്റികൾക്ക് 10% പ്രൈസ് പ്രിഫറൻസ് ഉള്ളതിനാലാവാം കരാറുകാരൻ ആയതിനനുസരിച്ച് നിരക്ക് ക്വാട്ട് ചെയ്തത്. മേൽ പ്രവൃത്തികളുടെ ടെണ്ടറുകൾ പരിശോധിച്ചാൽ നിരക്കുകൾ ക്വാട്ട് ചെയ്യുന്നതിൽ കരാറുകാർ പഞ്ചായത്തിന് നഷ്ടം വരുത്തുന്നരീതിയിൽ ഇടപെടലുകൾ നടത്തുന്നുണ്ടോയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

അംഗീകാരമുള്ള ലേബർ കോൺട്രാക്ട് സൊസൈറ്റികൾക്ക് ടെണ്ടറിൽ ക്വാട്ട് ചെയ്ത ഏറ്റവും കുറഞ്ഞ നിരക്കിന്റെ മേൽ 10% പ്രൈസ് പ്രിഫറൻസ് നൽകാവുന്നതാണ്. എന്നാൽ മേൽ സൊസൈറ്റിയ്ക്ക് 11.08.2017ലെ സർക്കാർ ഉത്തരവ് (സാധാ) 2780/2017 പ്രകാരമുള്ള പ്രൈസ് പ്രിഫറൻസ് നൽകുമ്പോൾ, ലേബർ കോൺട്രാക്ട് സൊസൈറ്റി ക്വാട്ട് ചെയ്ത നിരക്ക്, ഏറ്റവും കുറവ് ക്വാട്ട് ചെയ്ത കരാറുകാരന്റെ നിരക്കിനോട് അതിന്റെ 10% വർദ്ധനവ് നൽകുമ്പോൾ ആർക്കാണോ കുറവ് അവർക്കാണ് പ്രവൃത്തി അനുവദിക്കേണ്ടത് . വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് , നമ്പർ, പ്രവർത്തിമൂല്യം | ഏറ്റവും കുറവ് ക്വാട്ട് ചെയ്ത കരാറുകാരനും നിരക്കും | ലേബർ സൊസൈറ്റി ക്വാട്ട് ചെയ്ത നിരക്ക് | പ്രൈസ് പ്രിഫറൻസ് ലഭിക്കാൻ ക്വാട്ട് ചെയ്യേണ്ടിയിരുന്ന നിരക്ക് | യഥാർത്ഥ കരാറുകാരന് നൽകിയിരുന്നെങ്കിൽ നൽകേണ്ടിയിരുന്ന ബിൽതുക | ലേബർ സൊസൈറ്റിക്ക് അനുവദിച്ച തുക 12% GST ഉൾപ്പെടെ | വ്യത്യാസം |
|---|---|---|---|---|---|---|---|
| 1 | കാരക്കുറ്റി പുൽപറമ്പ് റോഡ്<br>86/21<br>178435/- | പി.ഹംസ<br>22.1% കുറവ് | 13.6% കുറവ് | 100-22.1=77.9+7.79(10% PP)=85.69<br>അതായത് 14.31%കുറവ് | 178435-(178435x22.1%)39434=139001<br>12%GSTഉൾപ്പെടെ 155680/- | 172500/-<br>Cheque No.5008507/ 2.11.20 | 16820/- |

| | | | | | | | |
|---|---|---|---|---|---|---|---|
| 2 | കാരക്കുറ്റി മാന റോഡ് 129/21<br>178488/- | പി.ഹംസ<br>22.1% കുറവ് | 13.62% കുറവ് | 100-22.1=77.9+7.79(10% PP)=85.69<br>അതായത് 14.31%കുറവ് | 178488-(178488x22.1%)39446 =139042/-<br>12%GSTഉൾപ്പെടെ<br>155727/- | 172679/-<br>Cheque No.5008506/ 2.11.20 | 16952/- |
| 3 | ഇഷ്ടിക കമ്പനിപാടം റോഡ്<br>87/21<br>178367/- | പി.ഹംസ<br>22.3% കുറവ് | 13.6% കുറവ് | 100-22.3=77.7+7.77(10% PP)=85.47<br>അതായത് 14.53%കുറവ് | 178367-(178367x22.3%)39776= 138591/-<br>12%GSTഉൾപ്പെടെ<br>155222/- | 172500/-<br>Try.Cheque No.5068451/ 24.12.20 | 17278/- |
| 4 | തോട്ടുമുക്കം മദ്രസ്സ പുഴയോരം റോഡ് 93/21<br>160482/- | പി.ഹംസ<br>22.1% കുറവ് | 13.61% കുറവ് | 100-22.1=77.9+7.79(10% PP)=85.69<br>അതായത് 14.31%കുറവ് | 160482-(160482x22.1%)35467= 125015/-12%GSTഉൾപ്പെടെ 140017/- | 155277/-<br>Try.Cheque No.5068450/ 24.12.20 | 15260/- |
| | | | | | | ആകെ | 66310/- |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (02/27.05.21) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രൈസ് പ്രിഫറൻസ് അനുവദിച്ചു വഴി പഞ്ചായത്ത് ഫണ്ടിന് 66310/- രൂപ അധികമായി ചെലവഴിക്കേണ്ടി വന്നിട്ടുണ്ട്. വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-15 തെനങ്ങാപറമ്പ് ആരോഗ്യഉപകേന്ദ്രം-കെട്ടിടം ഉപയോഗപ്പെടുത്താത്തതും മറ്റ് അപാകതകളും.

| പ്രോജക്ടിന്റെ പേര്,നം. | തെനങ്ങാപറമ്പ് അങ്കണവാടിക്ക് മുകളിൽ ആരോഗ്യ ഉപകേന്ദ്രം 25/20 | തെനങ്ങാപറമ്പ് അങ്കണവാടിക്ക് മുകളിൽ ആരോഗ്യ ഉപകേന്ദ്രം 227/21 | തെനങ്ങാപറമ്പ്ആരോഗ്യ ഉപകേന്ദ്രം നവീകരണം 42/21 |
|---|---|---|---|

| | | | |
|---|---|---|---|
| | | | |
| വകയിരുത്തിയതുക | 225000/-MG(NR) | 175194/-MG(NR) | 200.000/-MG(NR) |
| ചെലവുതുക, ബിൽനം., തിയ്യതി | 49806/- 7791/30.3.20- | 173727/- 13/27.8.20 | 179003/-31/11.1.21 |
| എഗ്രിമെന്റ് | AE/KGP/95/19-20/ 27.2.20 | AE/KGP/95/19-20/ 27.2.20 | AE/KGP/68/20-21/ 7.9.20 |

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം തെനങ്ങാപറമ്പ് അങ്കണവാടിക്കു മുകളിൽ കണ്ണാംപറമ്പ് ആരോഗ്യ ഉപകേന്ദ്രത്തിനു വേണ്ടി നിർമ്മിച്ച കെട്ടിടം 17.10.20 ന് ഉത്ഘാടനം ചെയ്തിട്ടുണ്ട്. 27.05.22ന് നടത്തിയ സ്ഥല പരിശോധനയിൽ കെട്ടിടം ഇതുവരെയും ഉപയോഗപ്പെടുത്താതെ നിഷ്ക്രിയ ആസ്തിയായി കിടക്കുകയാണ്. പദ്ധതി ആസൂത്രണത്തിലും തുടർനടപടികളിലുമുള്ള അപാകതകൾ താഴെ കൊടുക്കുന്നു.

1.ആരോഗ്യഉപകേന്ദ്രം നിർമ്മിച്ച സ്ഥലം പ്രസ്തുത ആവശ്യത്തിന് അനുയോജ്യമാണോ എന്ന് ഉറപ്പുവരുത്തിയില്ല .

പൊതുസമൂഹത്തെ ഹെൽത്ത് കെയർസിസ്റ്റവുമായി ബന്ധിപ്പിക്കുന്ന പ്രഥമകേന്ദ്രമായ സബ്സെന്റർ വഴി നിരവധി സേവനങ്ങൾ നൽകേണ്ട ഒരു സ്ഥാപനമാണ് ആരോഗ്യഉപകേന്ദ്രം. വിവിധ വാക്സിനേഷനുകൾ നൽകൽ,കൌൺസിലിംഗ്,ഹെൽത്ത് എജ്യുക്കേഷൻ, സ്ത്രീസഹജരോഗങ്ങളുടെ പരിശോധന, ഫാമിലി പ്ളാനിംഗ്, കൌമാരക്കാരുടെ ആരോഗ്യ പരിരക്ഷ, സ്കൂൾ ഹെൽത്ത് സർവ്വീസസ്, എൻ.സി.ഡി. പ്രോഗ്രാമുകൾ തുടങ്ങി 37ൽ പരം സേവനങ്ങളാണ് സബ്സെന്ററുകൾ വഴി നൽകുന്നത്.

ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലകളായ സാംക്രമിക രോഗവാഹികളെ നിയന്ത്രിക്കുക, രോഗ പ്രതിരോധ നടപടികൾ സ്വീകരിക്കുക എന്നിവയും മേഖലാ ചുമതലയായ കുടുംബക്ഷേമ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതും സബ്സെന്ററുകൾ വഴിയാണ്. ഒരു അങ്കണവാടി കെട്ടിടത്തിന് മുകളിലായിട്ടാണ് ആരോഗ്യകേന്ദ്രം നിർമ്മിച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്തിന്റെ മേഖലാ ചുമതലയാണ് പ്രാഥമികാരോഗ്യ ഉപകേന്ദ്രങ്ങൾ നടത്തുക എന്നത്. പൊതുജനങ്ങൾക്ക് ഇത്രയും സേവനങ്ങൾ നൽകേണ്ട സബ്സെന്റർ നിർമ്മിക്കുന്നതിനു മുന്നോടിയായി ആരോഗ്യവകുപ്പുമായി ചർച്ച ചെയ്ത് പ്രസ്തുത സ്ഥലത്ത് ആരോഗ്യഉപകേന്ദ്രം നിർമ്മിച്ചാൽ മേൽ സേവനങ്ങൾ ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ നൽകാൻ കഴിയും എന്ന് ഉറപ്പുവരുത്തിയിട്ടില്ല.

2. സമഗ്രമായ പ്രോജക്ട് തയ്യാറാക്കിയില്ല .

ആകെ 425000/- വകയിരുത്തി ഒരു സ്പിൽഓവർ പ്രോജക്ട് ഉൾപ്പെടെ മൂന്ന് പ്രോജക്ടുകളാണ് ഈ കെട്ടിടനിർമ്മാണത്തിനായി തയ്യാറാക്കിയിട്ടുള്ളത്. എന്നിട്ടും കെട്ടിടം വയറിംഗ് ചെയ്ത് വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനോ ജലലഭ്യത ഉറപ്പുവരുത്തുന്നതിനോ തുക വകയിരുത്തിയിട്ടില്ല. നിലവിലും കെട്ടിടത്തിൽ വൈദ്യുതിയോ ജലമോ ലഭ്യമായിട്ടില്ല.

3.കെട്ടിടം ഇതുവരെയും ഉപയോഗപ്പെടുത്തിയില്ല .

27.05.22ന് ഓഡിറ്റ് ടീം നടത്തിയ സ്ഥല പരിശോധനയിൽ കെട്ടിടം ഇതുവരെയും ഉപയോഗപ്പെടുത്തിയിട്ടില്ല എന്നും ഇപ്പോഴും സബ്സെന്റർ വഴി നൽകുന്ന സേവനങ്ങൾ അങ്കണവാടിയിൽ വെച്ചാണ് നൽകുന്നതെന്നും ബോധ്യപ്പെട്ടു. 17.10.20 ന് ഉത്ഘാടനം ചെയ്ത കെട്ടിടം 19 മാസമായിട്ടും ഉപയോഗപ്പെടുത്താത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (08/27.05.22) മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി ലക്ഷ്യം കൈവരിക്കാതെ നിഷ്ക്രിയ ആസ്തി സൃഷ്ടിക്കുന്നതിനായി ചെലവഴിച്ച 402536/-രൂപ തടസ്സത്തിൽ വെക്കുന്നു. അപാകതകൾക്ക് മറുപടി

ലഭ്യമാക്കേണ്ടതും കെട്ടിടം ഉപയോഗപ്പെടുത്തി തടസ്സം ഒഴിവാക്കേണ്ടതുമാണ്.

1-16 മുതപറമ്പ് കോളനി കുടിവെള്ള പദ്ധതി-പണം കൈമാറിയത് ക്രമപ്രകാരമല്ല.

| | |
|---|---|
| പ്രോജക്ടിന്റെ പേര്,നം. | മുതപറമ്പ് കോളനി കുടിവെള്ള പദ്ധതി-250/21 |
| വകയിരുത്തിയതുക | 100000/-SCP |
| ചെലവുതുക,ബിൽനം. ,തിയ്യതി | 15/30.10.20-51150/-<br>16/11.11.20-48850/- |
| നിർവ്വഹണോദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ |

മേൽ പ്രോജക്ടുപ്രകാരം നടപ്പിലാക്കേണ്ട വാട്ടർ ടേങ്ക്, വിതരണപൈപ്പുകൾ, വാട്ടർടേപ്പ് സ്ഥാപിക്കൽ തുടങ്ങിയ പ്രവൃത്തികളുടെ കരാർ ഏറ്റെടുത്ത് നടപ്പാക്കിയത് ശ്രീ.അബ്ദുൾറഷീദ്.പി.പി.എന്ന കരാറുകാരനാണ്. അദ്ദേഹത്തിന് എം.ബുക്ക് നം.175/19-20 പ്രകാരമുള്ള പ്രവൃത്തിമൂല്യം കണക്കാക്കി ബിൽ നം.15/30.10.20 അനുസരിച്ച് തുക കൈമാറിയിട്ടുണ്ട്.

പ്രസ്തുത പ്രോജക്ടിലെ രണ്ടാമത്തെ ഇനമായ മോട്ടോർ സ്ഥാപിക്കൽ ഏറ്റെടുത്ത് നടപ്പാക്കിയത് ശ്രീ.സുൽഫിക്കർ.കെ.എന്ന കരാറുകാരനാണ്. (Agreement.No.AE/53/KDR/20-21dt.25.8.20) എം.ബുക്ക് പരിശോധിച്ചതിൽ അദ്ദേഹം അളവ് അംഗീകരിച്ച് ഒപ്പുവെച്ചിട്ടില്ല. ചെലവുതുകയായ 48850/-രൂപ നൽകിയിരിക്കുന്നത് ശ്രീ അബ്ദുൾറഷീദ്.പി.പി.എന്ന കരാറുകാരന്റെ അക്കൗണ്ടിലേക്കാണ്. പ്രവൃത്തി ഏറ്റെടുത്ത് നടപ്പാക്കിയ കരാറുകാരനായ തുക നൽകേണ്ടതിനു പകരം മറ്റൊരാൾക്ക് തുക കൈമാറിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി (03/27.05.21) ലഭ്യമാക്കിയിട്ടില്ല. ഭാവിയിൽ ശ്രീ.സുൽഫിക്കർ.കെ.എന്ന കരാറുകാരൻ തുക ആവശ്യപ്പെട്ട് അപേക്ഷ നൽകാൻ സാധ്യതയുള്ളതായി കാണുന്നു. ശ്രീ.സുൽഫിക്കർ.കെ.എന്ന കരാറുകാരന് നൽകേണ്ട തുക ശ്രീ അബ്ദുൾറഷീദ്.പി.പി.എന്ന കരാറുകാരന്റെ അക്കൗണ്ടിലേക്ക് നൽകുക വഴി ക്രമപ്രകാരമല്ലാത്ത ഇടപാടിന് സാഹചര്യം ഒരുക്കുകയാണ് ഉണ്ടായത്. അപാകതയ്ക്ക് വ്യക്തമായ മറുപടി ലഭ്യമാക്കുന്നതുവരെ ചെലവ് തുക 48850/-രൂപ തടസ്സപ്പെടുത്തുന്നു.

1-17 കരാർവെക്കുന്നതിന് കാലതാമസം-കരാറുകാരനിൽനിന്ന് പിഴ ഈടാക്കിയില്ല.

ജി.ഒ. (പി)13/2012/പിഡബ്ല്യുഡി/1.2.12 പൊതു മരാമത്ത് മാന്വൽ പ്രകാരം പ്രവൃത്തികൾക്ക് ടെണ്ടർ അംഗീകരിച്ച് സെലക്ഷൻ നോട്ടീസ് അയച്ച തിയ്യതി മുതൽ 14 ദിവസത്തിനുള്ളിൽ കരാർ വയ്ക്കേണ്ടതാണ്. 14 ദിവസം കഴിഞ്ഞാൽ പി.എ.സി യുടെ 1% പിഴ ഈടാക്കിക്കൊണ്ട് 10 ദിവസത്തിനുള്ളിൽ കരാർ വയ്ക്കാം. മേൽ കാലപരിധി കഴിഞ്ഞും കരാർ വെയ്ക്കാത്ത പക്ഷം കരാർ റദ്ദാക്കി ഇ.എം.ഡി കണ്ടു കെട്ടേണ്ടതും കരാറുകാരനെതിരെ ടെണ്ടർ നിബന്ധനകളിൽ പറഞ്ഞ മറ്റു നടപടികൾ സ്വീകരിക്കേണ്ടതുമാണ്. താഴെ പറയുന്ന പ്രോജക്ടുകളിൽ കരാർ പ്രവൃത്തികൾക്കായി 14 ദിവസത്തിനകം കരാർ വയ്ക്കാത്ത കരാറുകാരനിൽ നിന്നും പിഴ ഈടാക്കാതെയും മറ്റ് നിയമാനുസൃത നടപടികൾ സ്വീകരിക്കാ തെയുമാണ് കരാർ വച്ചിട്ടുള്ളത്.

| ക്രമ | പ്രോജക്ട് | സെലക്ഷൻ | എഗ്രിമെന്റ് | പി.എ.സി. | പിഎസിയുടെ |
|---|---|---|---|---|---|

| നം | ബിൽ,ചെലവുതുക | നോട്ടീസ് തിയതി | തിയ്യതി | | 1% ഫൈൻ തുക(മിനിമം 1000/-) |
|---|---|---|---|---|---|
| 1. | കോട്ടമ്മൽ കുയ്യിൽറോഡ് നവീകരണം 205/21 9332/11.04.20-200,000/- 0142/ 11.04.20-134470/- 8064/12.11.20-115530/- | 21.10.19 | 11.11.19 | 4,50,000/- | 4500/- |
| 2 | പൊലുക്കുന്ന് മുള്ളൻമടറോഡ് റീടാറിംഗ് 6/27.8.20-445000/- | 21.10.19 | 5.02.20 | 445000/- | 4450/- |
| 3 | തെനങ്ങാപറമ്പ് അങ്കണവാടിക്ക് മുകളിൽ ആരോഗ്യകേന്ദ്രം 13/27.8.20-173727/- | 6. 2.20 | 27.2.20 | 225000/- | 2250/- |
| | | | | ആകെ | 11200/- |

കരാർ വെയ്ക്കാൻ വൈകിയതിന് കാരണം കാണിക്കുകയോ ആയത് അംഗീകരിക്കപ്പെടുകയോ ചെയ്തിട്ടില്ല. കരാർ വെയ്ക്കാത്ത കരാറുകാരനിൽ നിന്നും പിഴ ഈടാക്കാതെയും മറ്റ് നിയമാനുസൃത നടപടികൾ സ്വീകരിക്കാതെയുമാണ് കരാർ വച്ച് പ്രവൃത്തി പൂർത്തിയാക്കിയിട്ടുള്ളത്. 8.9.21 ലെ സർക്കാർ ഉത്തരവ് നം.1710/21 ത.സ്വ.ഭ.വ. പ്രകാരം കോവിഡ് ലോക്ക് ഡൗൺ കാരണം മരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി യഥാസമയം കരാറുടമ്പടിയിൽ ഏർപ്പെടാൻ സാധിക്കാതിരുന്ന കരാറുകാർക്ക് 15.10.21 വരെ പിഴ ഇല്ലാതെ കരാറിൽ ഏർപ്പെടുന്നതിന് അനുമതി നൽകിയിരുന്നു. കോവിഡ് ലോക്ക് ഡൗണിനു മുമ്പ് കരാർ വെക്കുന്നതിൽ കാലതാമസം വരുത്തിയ എല്ലാ കരാറുകാരിൽ നിന്നും പിഴ ഈടാക്കേണ്ടതാണ്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (01/27.05.21) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതക്ക് മറുപടി ലഭ്യമാക്കേണ്ടതും പിഴയിനത്തിൽ നഷ്ടം വന്ന തുക 11200/-രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽനിന്നും ഈടാക്കി അടവാക്കേണ്ടതുമാണ്.

1-18 ഇ ടെണ്ടർ ഫീയിനത്തിൽ ലഭിക്കാനുള്ള തുക ഈടാക്കാൻ നടപടി സ്വീകരിച്ചില്ല.

വാർഷിക കണക്കുകൾ, ഇ-ടെണ്ടർ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ പൊതുമരാമത്ത് പ്രവൃത്തികളുടെ ഇ – ടെണ്ടർ നടപടികളുടെ ഭാഗമായി പഞ്ചായത്തിന് ലഭിക്കേണ്ട ടെണ്ടർ ഫോറം വില (ടെണ്ടർ ഫീ) പഞ്ചായത്തിന് ലഭിച്ചതായി കാണുന്നില്ല. നാളിതു വരെ എത്ര പ്രവൃത്തികളുടെ ടെണ്ടർ ഇത്തരത്തിൽ നടത്തിയിട്ടുണ്ടെന്നും, ഓരോ പ്രവൃത്തിയിലും ടെണ്ടർ ഫീ എത്രയുണ്ടെന്നത് സംബന്ധിച്ചും ഈയിനത്തിൽ വല്ല തുകയും പഞ്ചായത്തിൽ വരവുവന്നിട്ടുണ്ടോ എന്നതു സംബന്ധിച്ചുമുള്ള വിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതും നാളിതുവരെയും ഇ ടെണ്ടർ ഫീയിനത്തിൽ ലഭിക്കാനുള്ള തുക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കാത്തതിന് വിശദീകരണവും ലഭ്യമാക്കേണ്ടതുമാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (06/27.05.22) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇ ടെണ്ടർ ഫീയിനത്തിലുള്ള വരവ് പൂർണ്ണമായും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയശേഷം വിവരം അറിയിക്കേണ്ടതാണ്.

1-19 65 വയസ്സ് കഴിഞ്ഞ വൃദ്ധർക്കുള്ള കട്ടിൽ വാങ്ങൽ ടെണ്ടർ നടപടികളിലെ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥ - ഐ.സി.ഡി.എസ് .സൂപ്പർ വൈസർ
പദ്ധതി - എസ്.ഒ 197/21(സ്പിൽ ഓവർ)

ചെലവ് തുക - 729965

(218965-വികസന ഫണ്ട്,511000-തനത് ഫണ്ട്)

ബിൽ നമ്പർ തിയ്യതി -26948/11.4.20,200006/14.8.20

65 വയസ് കഴിഞ്ഞ വൃദ്ധർക്ക് കട്ടിൽ നൽകുക എന്ന പദ്ധതി ടെണ്ടർ നടപടികളിലൂടെ നടപ്പിലാക്കുന്നതിന് ഫിഡ്കോ എന്ന സ്ഥാപനത്തിൽ നിന്ന് 200 കട്ടിലുകൾ വാങ്ങിയിട്ടുണ്ട് . ഒരു കട്ടിലിന് 3650 രൂപ ചെലവഴിച്ച് ആണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. 3.2.20 ന് നടന്ന ടെണ്ടർ നടപടികളിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

ടെണ്ടറിൽ പങ്കെടുത്തവരും അവർ ക്വോട്ട് ചെയ്ത തുകയും താഴെ കൊടുക്കുന്നു.

| ക്ര.നം | ടെണ്ടറിൽ പങ്കെടുത്ത സ്ഥാപനം | കട്ടിലിന് ക്വോട്ട് ചെയ്ത തുക |
|---|---|---|
| 1 | കീർത്തി മാർക്കറ്റിങ്ങ് | 2900 |
| 2 | ബി.എസ്.ജി.ടി ഏജൻസി | 2930 |
| 3 | എ.എസ്.ടി.മെഡിടെക്ക് | 3127 |
| 4 | ആർട്കോ ലിമിറ്റഡ് | 3150 |
| 5 | രാധികാ സെയിൽസ് | 3280 |
| 6 | ഹൈലുക്ക് ഫർണിച്ചർ | 3430 |
| 7 | സാങ്കോ ഫർണീച്ചർ | 3499 |
| 8 | ഫിഡ്കോ | 3688 |
| 9 | എൻ.കെ ഫർണിച്ചർ | 3695 |
| 10 | ചോയ്സ് ഫർണിച്ചർ | 3860 |
| 11 | കോസ്റ്റൽ ഫർണിച്ചർ | 4180 |

ഇതിൽ ക്രമ നമ്പർ 1 സാമ്പിൾ ഹാജരാക്കാത്തതിനാലും 3,4,7 എന്നീ സ്ഥാപനങ്ങൾ സ്റ്റീൽ കട്ടിൽ ക്വോട്ട് ചെയ്തതിനാലും, ക്രമനമ്പർ നമ്പർ 2,6 എന്നിവ കട്ടിലിന്റെ തരം വ്യക്തമാക്കാത്തതിനാലും ആണ് ഒഴിവാക്കിയത് . ക്രമ നമ്പർ 1മുതൽ 7വരെയുള്ള കരാറുകാരുമായോന്നും നെഗോഷിയേറ്റ് ചെയ്യാതെ 26.2.20 ന് ചേർന്ന പ്രോക്വർമെന്റ് കമ്മറ്റിയുടെ ഒന്നാം നമ്പർ തീരുമാന പ്രകാരം ഫിഡ്കോയുടെ ടെണ്ടർ അംഗീകരിച്ചു. ഫിഡ്കോയുടെ കട്ടിൽ ഐ.എസ്.ഐ മുദ്രയുള്ളതാണെണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ സാക്ഷ്യപ്പെടുത്തിയതിനാലാണ് ഈ ടെണ്ടർ അംഗീകരിക്കുന്നതെന്ന് പ്രോക്വർമെന്റ് കമ്മറ്റി മിനുട്സിൽ പറയുന്നു. സാമ്പിൾ സമർപ്പിച്ച രാധിക സെയിൽസ് എന്ന സ്ഥാപനവുമായും നെഗോഷിയേറ്റ് ചെയ്തിട്ടില്ല. ഈ സ്ഥാപനം ഒരു കട്ടിലിന് 3280രൂപയാണ് ക്വോട്ട് ചെയ്തിട്ടുള്ളത് സ്ഥാപനത്തെ ഒഴിവാക്കിയത് എന്തിനെന്ന് വ്യക്തമാക്കിയിട്ടില്ല ടി സ്ഥാപനവുമായി ബന്ധപ്പെട്ട് കട്ടിൽ വാങ്ങിയിരുന്നെങ്കിൽ ഒരു കട്ടിലിന് 370 (3650-3280) രൂപ നിരക്കിൽ 200 കട്ടിലിന്റെ വിലയിൽ 74000 രൂപ ലാഭകരമാകുമായിരുന്നു. കൂടാതെ 26.2.20 ലെ പ്രക്വർമെന്റ് കമ്മറ്റി തീരുമാന പ്രകാരം ഫിഡ്കോയുമായി നെഗോഷിയേറ്റ് ചെയ്യാനും കട്ടിലിന് 50 രൂപ കുറച്ച് ഒരു കട്ടിലിന് 3638 രൂപ നിരക്കിൽ ടെണ്ടർ അംഗികരിക്കാനുമാണ് തീരുമാനിച്ചത് . എന്നാൽ കട്ടിലിന് 3650 രൂപ നിരക്കിൽ തന്നെ അനുവദിച്ചിട്ടുള്ളതിനാൽ 2400 രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. ലാഭകരമായ രീതിയിൽ പർച്ചേസ് നടത്താത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അപാകതയ്ക്ക് വിശദീകരണം നൽകുന്നതിന് ന്ൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.16/2020 -21/28.05.2022 ) മറുപടി ലഭ്യമാക്കിയിട്ടില്ല. 2400 രൂപ ഫിഡ്കോയിൽ നിന്ന് ഈടാക്കി സർക്കാറിലേക്ക് അടവാക്കേണ്ടതാണ്. തൃപ്തികരമായ വിശദീകരണം രേഖകൾ സഹിതം ലഭ്യമാക്കുന്നത് വരെ 74000 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു

1-20 പ്രളയ മാലിന്യങ്ങൾ നീക്കം ചെയ്യൽ -തുക ചെലവഴിച്ചതിലെ അപാകതകൾ

2018, 2019 വർഷങ്ങളിൽ ഉണ്ടായ പ്രളയത്തിൽ ഗ്രാമപഞ്ചായത്തിലെ 16 വാർഡുകളിൽ നിന്നും ശേഖരിച്ചിട്ടുള്ള 224.195 ടൺ മാലിന്യങ്ങൾ നീക്കം ചെയ്യതിന് "കേരള സ്ക്രാപ്പ് മർച്ചൻറ് അസോസിയേഷൻ" മുക്കം എന്ന സ്ഥാപനത്തിന് തനത് ഫണ്ടിൽ നിന്ന് 896780 രൂപ അനുവദിച്ചിട്ടുണ്ട് . (400000 – വൗച്ചർ നമ്പർ 117/16.5.20, 496780-വൗച്ചർ നമ്പർ -560/6.10.20) തുക ചെലവഴിച്ചതിൽ താഴെ പറയുന്ന അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് .

1) മാലിന്യം നീക്കം ചെയ്യതിനുള്ള തുക ദുരന്തനിവാരണ വകുപ്പിൽ നിന്നും തിരികെ ഈടാക്കി യില്ല

ജി.ഒ (സാധാ) 887/20/ ത.സ്വ.ഭ.വ/15.5.20, ജി.ഒ (സാധാ) 1638/20/ ത.സ്വ.ഭ.വ/12.9.20 എന്നീ ഉത്തരവുകൾ പ്രകാരം സർക്കാർ സാധൂകരണം ലഭിച്ചതിനാലാണ് തനത് ഫണ്ടിൽ നിന്നും തുക അനുവദിച്ചിട്ടുള്ളത്. മേൽ ഉത്തരവുകളിൽ ദുരന്തനിവാരണ വകുപ്പിൽ നിന്നും തുക ലഭ്യമാകുന്ന മുറക്ക് തനത് ഫണ്ടിൽ വരവ് വയ്ക്കണമെന്ന നിബന്ധനയിൽ ആണ് തനതു ഫണ്ടിൽ നിന്ന് തുക ചെലവഴിക്കാൻ അനുവാദം ലഭിച്ചിട്ടുള്ളത് . എന്നാൽ തുക നാളിതുവരെ ദുരന്തനിവാരണ വകുപ്പിൽ നിന്ന് തിരികെ ലഭിച്ച് തനത് ഫണ്ടിൽ ക്രെഡിറ്റ് ചെയ്യിട്ടില്ല .

2)സർക്കാർ അനുവദിച്ചതിലും കൂടുതൽ തുക ചെലവഴിച്ചു.

ജി.ഒ (സാധാ) 587/19/ DMD /5.9.2019 നമ്പർ ഉത്തരവ് പ്രകാരം ഗ്രാമ പഞ്ചായത്തിന് പ്രളയത്തിൽ ചെളി കയറിയതിനാൽ ബാധിക്കപ്പെട്ട പൊതു ഇടങ്ങൾ വൃത്തിയാക്കുന്നതിന് വാർഡ് ഒന്നിന് 50,000 രൂപയിൽ അധികരിക്കാതെ ചെലവായ തുക അനുവദിക്കുന്നതിനാണ് അനുവാദമുള്ളത്. ഇവിടെ പൊതു ഇടങ്ങൾ വൃത്തിയാക്കി ശേഖരിച്ച മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനാണ് 896780 രൂപ അനുവദിച്ചിട്ടുള്ളത്. 16 വാർഡുകളുള്ള ഗ്രാമപഞ്ചായത്തിൽ പരമാവധി 800000 രൂപയാണ് ചെലവഴിക്കുന്നതിന് അനുവാദമുള്ളത്. 96780 രൂപ അധികം ചെലവഴിച്ചിട്ടുണ്ട് .

3) ആദായ നികുതി ഈടാക്കിയില്ല

മാലിന്യം നീക്കം ചെയ്ത കരാറുകാരന് തുക അനുവദിച്ചപ്പോൾ ആദായ നികുതി ടി.ഡി.എസ് 2% ഈടാക്കിയിട്ടില്ല .

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക ദുരന്ത നിവാരണ വകുപ്പിൽ നിന്ന് ഈടാക്കി തനത് ഫണ്ടിൽ അടയ്ക്കുന്നത് വരെ ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.

1-21 മതിയായ രേഖകൾ ഇല്ലാതെ പദ്ധതി പണം ചെലവഴിച്ചു

നിർവ്വഹണ ഉദ്യോഗസ്ഥ - ഐ.സി.ഡി.എസ് .സൂപ്പർ വൈസർ

പദ്ധതി - എസ്.ഒ 196/21(സ്പിൽ ഓവർ) ഭിന്ന ശേഷി വിദ്യാർ ത്ഥികളുടെ കലാ മേള

ചെലവ് തുക - 75000 (വികസന ഫണ്ട്)

ബിൽ നമ്പർ തിയ്യതി - 29950/11.4.20

ഭിന്ന ശേഷി വിദ്യാർഥികളുടെ കലാമേള നടത്തിപ്പിനായി ഈ പദ്ധതിയിൽ താഴെ കാണിച്ച പ്രകാരം 75000 രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ വ്യക്തമായ രേഖകൾ ഇല്ലാതെ യാണ് പദ്ധതി പണം ചെലവഴിച്ചിട്ടുള്ളത് പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) വിദ്യാർത്ഥികൾക്ക് സമ്മാനം നൽകുന്നതിനായി 110 കാസ്റ്റോൾ വാങ്ങിയതിനുള്ള ചെലവായി 20000 രൂപ ശ്രീ .അബ്ദുൾ മനാഫ് എന്ന വ്യക്തിയുടെ അക്കൗണ്ടിലേക്കാണ് നൽകിയിട്ടുള്ളത്. ക്വട്ടേഷനിൽ റിസ്സ മാർക്കറ്റിങ്ങ്, ലുലു ഫാഷൻ ഫാൻസി താമരശ്ശേരി എന്നീ സ്ഥാപനങ്ങളാണ് പങ്കെടുത്തത്. എന്നാൽ തുക കൈമാറിയിട്ടുള്ളത് ശ്രീ അബ്ദുൾ മനാഫ് എന്ന വ്യക്തിയുടെ അക്കൗണ്ടിലേക്കാണ്. ടിയാനെ ഫോണിൽ ബന്ധപ്പെട്ടപ്പോൾ പദ്ധതി നടത്തിപ്പുമായി ബന്ധമില്ലാത്ത വ്യക്തിയുടെ അക്കൗണ്ടിലേക്കാണ് തുക നൽകിയത്. കാസ്റോൾ നൽകിയതിന് സ്ഥാപനത്തിന്റെ ബിൽ ലഭ്യമല്ല. വെള്ള പേപ്പർ ഉപയോഗിച്ച് താല്ക്കാലികമായി എഴുതി തയ്യാറാക്കിയ ബിൽ ആണ് ഫയലിൽ ഉള്ളത് .

2) ശ്രീ അബ്ദുൾ അസീസ് എന്ന വ്യക്തിയുടെ അക്കൗണ്ടിലേക്കാണ് സൗണ്ട് സിസ്റ്റം പന്തൽ എന്നിവയ്ക്കുള്ള 20000 രൂപ നൽകിയത്. സൗണ്ട് സിസ്റ്റം പന്തൽ എന്നിവ നൽകിയതിന് സ്ഥാപനത്തിന്റെ ബിൽ ലഭ്യമല്ല. വെള്ള പേപ്പർ ഉപയോഗിച്ച് താൽക്കാലികമായി എഴുതി തയ്യാറാക്കിയ ബിൽ ആണ് ഫയലിൽ ഉള്ളത്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( നം. 13/2020 -21 29.05.2022 ) മറുപടി ലഭ്യമാക്കിയിട്ടില്ല . തൃപ്തികരമായ മറുപടി രേഖകൾ സഹിതം ഹാജരാക്കുന്നത് വരെ 40000 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

1-22 വേനൽക്കാല കുടിവെള്ള വിതരണം - പദ്ധതി നടത്തിപ്പിലെ അപാകതകൾ

വരൾച്ചാ ദുരിതാശ്വാസത്തിന്റെ ഭാഗമായി കുടി വെള്ള ക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ള വിതരണത്തിനായി27.02.20 ലെ (സാധാ) 494/20/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം 28.4.20 മുതൽ 10.6.20 വരെ വരൾച്ചാ ദുരിതാശ്വാസത്തെിന്റെ ഭാഗമായി ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് കുടി വെള്ളം വിതരണം ചെയ്തതിന് 197280/- രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. ബിൽ നമ്പർ 73132/29.9.20 പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ക്വോട്ടേഷൻ നടപടികളിലെ അപാകത

20.3.19ലെ A1-237/20 പ്രകാരമുള്ള ടെണ്ടർ നോട്ടീസിൽ ഒരു ട്രിപ്പിൽ 2000 ലിറ്റർ കുടിവെള്ളം പഞ്ചായത്ത് പരിധിയിൽ എവിടെയും എത്തിക്കുന്നതിനുള്ള നിരക്കാണ് ക്വോട്ട് ചെയ്യേണ്ടതെന്ന് വ്യവസ്ഥ ചെയ്യുന്നു. എന്നാൽ ടെണ്ടറിൽ പങ്കെടുത്തിട്ടുള്ള കരാറുകാർ ക്വോട്ട് ചെയ്തിട്ടുള്ളത് 2000 ലിറ്റർ ടാങ്കിൽ ഒരു കിലോ മിറ്ററിന് ഇത്ര തുക എന്നാണ്. ഒരു കിലോ മീറ്ററിന് 180 രൂപ ക്വോട്ട് ചെയ്ത ശ്രീ. മുഹമ്മദിനാണ് കരാർ ലഭിച്ചിട്ടുള്ളത്.

2)വിതരണം ചെയ്ത കുടിവെള്ളത്ത ിന്റെ ഗുണനിലവാരം ഉറപ്പു വരുത്തിയില്ല .

2006 ലെ ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ് നിയമം വകുപ്പ് 3 (ജെ) പ്രകാരം കുടിവെള്ളം ആഹാരത്തിന്റെ നിർവ്വചനത്തിൽ ഉൾപ്പടുന്നതാണ്. ടാങ്കർ ലോറികളിലും മറ്റ് വാഹനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള വാട്ടർ ടാങ്കിലും കുടിവള്ളം വിതരണം ചെയ്യുന്നവർ ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ് (ലൈസൻസിംഗ് & രജിസ്ട്രേഷൻ) റഗുലേഷൻ നിയമം 2011 പ്രകാരം എഫ്.ബി.ഒ. (FBO- Food Business Operator) ലൈസൻസ് എടുക്കണം. ഇത്തരം ലൈസൻസുള്ള ടാങ്കർ ലോറികളിൽ/ടാങ്കുകളിൽ മാത്രമേ സംസ്ഥാനത്ത് കുടിവള്ളം വിതരണം /വിൽപ്പന നടത്താൻ പാടുള്ളൂ. കുടിവള്ളം വിതരണം ചെയ്യുന്ന ടാങ്കർ ലോറികളിലും മറ്റു വാഹനങ്ങളിൽ

ഘടിപ്പിച്ചിട്ടുള്ള വാട്ടർ ടാങ്കിലും എഫ്.ബി.ഒ. ലൈസൻസ് നമ്പർ രേഖപ്പെടുത്തണം. എന്നാൽ കുടിവള്ളം വിതരണം നടത്തിയ വാഹനങ്ങൾക്ക് എഫ്.ബി.ഒ.ലൈസൻസ് എടുത്തതിന്റെ വിശദാംശങ്ങൾ കരാറുകാർ ഹാജരാക്കിയിട്ടില്ല. കൂടാതെ വിതരണം ചെയ്ത കുടിവെള്ളം ഗുണ നിലവാരം പരിശോധിച്ചതിന്റെ റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. കുടിവെള്ള വിതരണം ചെയ്യുന്ന ഉപകരണങ്ങൾ ഹെൽത്ത് ഇൻസ്പെക്ടറെക്കൊണ്ട് പരിശോധന നടത്തിച്ച് റിപ്പോർട്ട് വാങ്ങേണ്ടതാണെന്ന കരാറിലെ വ്യവസ്ഥയും പാലിച്ചിട്ടില്ല. ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ് നിയമം പ്രകാരം കുടിവള്ളം ശേഖരിക്കുന്ന ടാങ്കറുകളുടെ ഉൾവശം ബിറ്റുമിനാസ്റ്റിക്ക് കോട്ടിങ്ങോ മറ്റ് അനുവദനീയ കോട്ടിങ്ങോ ഉള്ളവയായിരിക്കണം. ആയത് സംബന്ധിച്ച പരിശാധന റിപ്പോർട്ടുകൾ ഫയലിൽ ലഭ്യമാക്കിട്ടില്ല. .

3) ജി.പി.എസ് ലോഗും വാഹനത്തിന്റെ ലോഗും ക്രോസ് പെരിഫിക്കേഷൻ നടത്തിയില്ല

മേൽ ഉത്തരവ് പ്രകാരം കുടിവെള്ള വിതരണത്തിന്റെ പണം നൽകേണ്ടത് ജി.പി.എസ് ലോഗും വാഹനത്തിന്റെ ലോഗും ക്രോസ്സ് വെരിഫിക്കേഷൻ നടത്തിയതിന്റെ അടിസ്ഥാനത്തിലായിരിക്കണം എന്നാൽ ഇവിടെ ജി.പി.എസ് ലോഗ് മാത്രം പരിശോധിച്ചാണ് 1096 കിലോമീറ്ററിന് 197280 രൂപ

അനുവദിച്ചത്.

4) കുടിവെള്ള വിതരണത്തിന്റെ ചെലവ് തുക ദുരന്ത നിവാരണ നിധിയിൽ നിന്ന് തിരികെ ലഭിക്കാൻ നടപടി സ്വീകരിച്ചില്ല

കേരള പഞ്ചായത്ത് രാജ് നിയമം 166ാം വകുപ്പ 3ാം പട്ടിക പ്രകാരം പരമ്പരാഗത കുടിവെള്ള സ്രോതസ്സുകൾ സംരക്ഷിക്കുക എന്നത് ഗ്രാമ പഞ്ചായത്തിന്റെ അനിവാര്യ ചുമതലയും ജലവിതരണ പദ്ധതികളുടെ നടത്തിപ്പ് മേഖലാടിസ്ഥാനത്തിലുള്ള ചുമതലയുമാണ്. വരൾച്ചാ കാലത്ത് കുടിവെള്ള വിതരണം നടത്തേണ്ടത് ഗ്രാമ പഞ്ചായത്തിന്റെ ചുമതലയിൽ ഉള്ള കാര്യമല്ല. 23.12.2017 ലെ (സാധാ) 787/2017/ത.സ്വ.ഭ.വ. നം. ഉത്തരവ് പ്രകാരം റവന്യൂ വകുപ്പിൽ നിക്ഷിപ്തമായിട്ടുള്ള ഉത്തരവാദിത്തമാണ് ഇത്. 20.06.2019 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഡിനേഷൻ കമ്മിറ്റിയുടെ യോഗതീരുമാനം നം. 3.12 പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ വരൾച്ച മുതലായ അടിയന്തിര സാഹചര്യങ്ങളിൽ കുടിവെള്ള വിതരണം നടത്തുമ്പോൾ അതിന്റെ ബിൽ തുക ജില്ല കളക്ടർമാർക്ക് നൽകി റീക്ലപ്പ് ചെയ്ത് കിട്ടുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ തദ്ദേശഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി LSGD-FM3/262/2019-LSGD നമ്പർ കത്തിലൂടെ അക്കാര്യം പഞ്ചായത്ത് ഡയറക്ടറെ അറിയിച്ചു.

കുടിവെള്ള വിതരണത്തിന് തടസ്സമുണ്ടാകരുത് എന്ന കാരണത്താലാണ് കുടിവെള്ള വിതരണത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന/തനത് ഫണ്ട് ചെലവഴിക്കാൻ സർക്കാർ യഥേഷ്ടാനുമതി നൽകുന്നത്. ചെലവു തുക റീക്ലപ്പ് ചെയ്യുന്നതിന് നടപടി സ്വീകരിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-23 പോഷകാഹാര വിതരണത്തിന് ആവശ്യമായ ഫണ്ട് വകയിരുത്തുന്നില്ല

നിർവ്വഹണ ഉദ്യോഗസ്ഥ - സി.ഡി.പി.ഒ

ഗ്രാമ പഞ്ചായത്തിലെ 26 അങ്കണവാടികളിൽ അനുപൂരക പോഷകാഹാര വിതരണ പദ്ധതിയിൽ ആവശ്യമായ ഫണ്ട് വകയിരുത്തുന്നില്ല. കഴിഞ്ഞ മൂന്നു വർഷമായി വകയിരുത്തിയ ഫണ്ടിന്റെ അപര്യാപ്തത മൂലം മുൻ വർഷത്തെ പദ്ധതിയിൽ നൽകേണ്ടിയിരുന്ന തുക താഴെ കാണിച്ച 3 വർഷങ്ങളിലും അനുവദിക്കേണ്ടി വന്നിട്ടുണ്ട്.

| വർഷം | മുൻവർഷ ചെലവിലേക്ക് അനുവദിക്കേണ്ടി വന്ന തുക |
|---|---|
| 2019-20 | 689221 |
| 2020-21 | 1514785 |
| 2020-21 | 1844585 |

വർക്കിങ്ങ് ഗ്രൂപ്പിൽ കൃത്യമായ വിശകലനം നടത്താതെ പദ്ധതി തയ്യാറാക്കുന്നത് കൊണ്ടാണ് ഇത്തരത്തിൽ വലിയ തുക കുടിശ്ശികയായി വരുന്നതും അടുത്ത വർഷ പദ്ധതിയിൽ നിന്ന് ഫണ്ട് വകയിരുത്തേണ്ടി വരുന്നതും. മാത്രമല്ല ആവശ്യത്തിന് കേന്ദ്ര ഫണ്ട് ഉണ്ടായിട്ടും ഫണ്ട് പദ്ധതിയ്ക്കായി വകയിരുത്തുന്നില്ല. 2020-21 വർഷത്തിൽ പോഷകാഹാര വിതരണത്തിനായി ലഭിച്ച കേന്ദ്രഫണ്ട് മുൻ വർഷ ബാക്കി ഉൾപ്പെടെ 21,93,064 രൂപയാണ്. എന്നാൽ തൻവർഷം വകയിരുത്തി ചെലവഴിച്ചിട്ടുള്ള കേന്ദ്ര ഫണ്ട് 12,00,000 രൂപ മാത്രമാണ്. ഫണ്ട് ലഭ്യമായിട്ടും ആവശ്യമായത്ര തുക വകയിരുത്താത്തതിന് വിശദീകരണം ലഭ്യമാക്കുന്നതിന് ന്‌ൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 14/2020-21 28.05.2022) ലഭ്യമാക്കിയ മറുപടിയിൽ അപാകത പരിഹരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. തുടർ വർഷങ്ങളിൽ അപാകത പരിഹരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1-24 ലൈഫ് ഭവനപദ്ധതി - ഭവനനിർമ്മാണം പൂർത്തികരിച്ചില്ല.

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പിലാക്കിയ ലൈഫ് ഭവന പദ്ധതി രണ്ടാം ഘട്ടം(ജനറൽ) വിഭാഗത്തിൽ എഗ്രിമെന്റ് വെച്ച് ധനസഹായം കൈപ്പറ്റിയ 70 പേരിൽ ഒരു ഗുണഭോക്താവും, ലൈഫ് മൂന്നാം ഘട്ടത്തിൽ ഉൾപ്പെട്ട ഭൂമി വാങ്ങിയ 5 പേരിൽ വീട് നിർമ്മിക്കുന്നതിന് എഗ്രിമെന്റ് വെച്ച് ധനസഹായം കൈപ്പറ്റിയ 3 പേരിൽ 2 പേരും പണി പൂർത്തീകരിച്ചിട്ടില്ല. എസ്.സി വിഭാഗത്തിൽ എഗ്രിമെന്റ് വെച്ച് ധനസഹായം കൈപ്പറ്റിയ 41 പേരിൽ 26 ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കാനുണ്ട്. ഭവനനിർമ്മാണം പൂർത്തിയാക്കാത്തവരുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

ലൈഫ് ഭവന പദ്ധതി(ജനറൽ)

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | വാർഡ് | അവസാനം കൈപ്പറ്റിയ തുക/ തിയ്യതി |
|---|---|---|---|
| 1 | കുമാരി രാമചന്ദ്രൻ | വാർഡ്-9 | 100000/28.1.20 |
| 2 | ഷാഹിദ | വാർഡ്-4 | 100000/30.10.21 |
| 3 | റസിയ | വാർഡ്-10 | 100000/21.9.21 |

ലൈഫ് ഭവന പദ്ധതി(എസ്.സി)

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | വാർഡ് | അവസാനം കൈപ്പറ്റിയ തുക/ തിയ്യതി |
|---|---|---|---|
| 1 | വിനീത.എസ്.പി<br>പാറപ്പുറത്ത്, ചെറുവാടി | വാർഡ്-15 | 160000/6.8.21 |
| 2 | കുറിഞ്ഞി,മാട്ടുമുറിക്കൽ | വാർഡ്-3 | 40000/18.1.21 |
| 3 | അനുഷ,കളത്തിങ്ങൽ | വാർഡ്-1 | 100000/5.2.22 |
| 4 | സുബിന,കളത്തിങ്ങൽ | വാർഡ്-1 | 100000/5.2.22 |
| 5 | സ്വപ്ന,നെല്ലിക്കാപ്പറമ്പ് | വാർഡ്-3 | 100000/7.7.21 |
| 6 | വിജയകുമാരി,പൂവാട്ട് പറമ്പിൽ, തോട്ട്മുക്കം | വാർഡ്-5 | 160000/18.1.21 |
| 7 | മിനി,അകാടത്ത് കുന്നത്ത്, പന്നിക്കോട് | വാർഡ്-8 | 160000/7.7.21 |
| 8 | സിന്ധു സുരേഷ്,തിരുത്തിയിൽ | വാർഡ്-8 | 100000/31.3.21 |
| 9 | കാർത്തിക,കളയടിക്കുന്ന്, പന്നിക്കോട് | വാർഡ്-8 | 100000/5.2.22 |
| 10 | ജിഷ,കളയടിക്കുന്ന്, പന്നിക്കോട് | വാർഡ്-8 | 100000/5.2.22 |
| 11 | നിഖില സുരേഷ്,കളയടിക്കുന്ന്, പന്നിക്കോട് | വാർഡ്-8 | 100000/5.2.22 |
| 12 | ലക്ഷ്മി.പി,പൊലുകുന്നത്ത്, പന്നിക്കോട് | വാർഡ്-9 | 60000/17.3.22 |
| 13 | സരോജിനി,മേലെ പൂവത്തികണ്ടി | വാർഡ്-10 | 55000/12.5.22 |
| 14 | ഷിബിനി.എ.കെ,ഇരിപ്പയിൽ | വാർഡ്- | 100000/18.1.21 |

| | | | |
|---|---|---|---|
| 15 | കാർത്തി,ചേലപ്പുറത്ത് | വാർഡ്-11 | 50000/17.3.22 |
| 16 | ലളിത,ചേലപ്പുറത്ത് | വാർഡ്-11 | 100000/15.2.21 |
| 17 | നിഷ.കെ,അക്കരപ്പറമ്പിൽ | വാർഡ്-14 | 100000/17.3.22 |
| 18 | ബേബി,അക്കരപ്പറമ്പിൽ | വാർഡ്-14 | 100000/17.3.22 |
| 19 | സീത,ചെട്ട്യാംതൊടിക | വാർഡ്-14 | 100000/15.10.20 |
| 20 | ഷൈനി.ഇ,പട്ടുവൻകുറ്റി | വാർഡ്-16 | 100000/28.7.21 |
| 21 | കല്ല്യാണി,അടപ്പശ്ശേരി | വാർഡ്-15 | 100000/7.7.21 |
| 22 | ഗീതുകൃഷ്ണ,നെല്ലിക്കാപ്പറമ്പ് | വാർഡ്-3 | 100000/28.7.21 |
| 23 | സുഭജ.ഇ.പി,നെല്ലിക്കാപ്പറമ്പ് | വാർഡ്-8 | 100000/5.2.22 |
| 24 | ശരത്ബാബു,മേലെപൂവത്തിക്കണ്ടി | വാർഡ്-10 | 100000/12.5.22 |
| 25 | ശൈലജ,പഴംപറമ്പ് | വാർഡ്-11 | 100000/28.7.21 |
| 26 | സരോജിനി,മുതുമംഗലക്കണ്ടി | വാർഡ്-8 | 100000/28.7.21 |

മേൽ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

1-25 ലൈഫ് -ഭൂരഹിതർക്ക് ഭൂമി നല്കിയെങ്കിലും ഭവനനിർമ്മാണം ആരംഭിച്ചില്ല

ജി.ഒ (ആർ.ടി)നം.483/2020/തസ്വഭവ തിയ്യതി 27.2.2020 പ്രകാരം ലൈഫ് വിഹിതമായ 20% പദ്ധതി വിഹിതത്തിൽ നിന്നും ഭൂരഹിതർക്ക് ഭൂമി വാങ്ങുന്നതിനും ഭൂമി വാങ്ങിയ ശേഷം ഭവന നിർമ്മാണത്തിനുള്ള ധനസഹായം നൽകുന്നതിനും അനുമതി നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകൾ കൈമാറുന്ന ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്ക് ഭൂമി വാങ്ങുന്നതിന് നേരിട്ട് വ്യക്തിഗത ആനുകൂല്ല്യം നൽകാവുന്നതാണ്. സർക്കുലർ ഡി.ബി.1/304/2019 തസ്വഭവ തിയ്യതി 26.9.2019 പ്രകാരം ഗ്രാമപഞ്ചായത്തിന് 3 സെന്റിൽ കുറയാത്ത ഭൂമിക്ക് പരമാവധി തുക; ജനറൽ-2 ലക്ഷം, എസ്.സി - 2.25 ലക്ഷം, എസ്.ടി- 2.50ലക്ഷം എന്നിങ്ങനെയാണ്.

ലൈഫ് മൂന്നാം ഘട്ട പ്രകാരം 2020-21 വർഷം ഭൂരഹിതരായ 5 ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങുന്നതിനായി 2 ലക്ഷം രൂപ വീതം ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 3 ഗുണഭോക്താക്കൾ ഭവനനിർമ്മാണം ആരംഭിച്ചിട്ടുണ്ട്. എന്നാൽ ബാക്കി 2 പേർ നിലവിൽ ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല. ഭവനനിർമ്മാണം ആരംഭിക്കാത്തതിന്റെ കാരണം അന്വേഷിച്ചതിന് ശ്രീമതി ലീലാമ്മ ജോണി എന്ന ഗുണഭോക്താവിന് 19.5.20 ന് ഭൂമി വാങ്ങി നൽകിയ സ്ഥലത്തിന് സമീപത്തായി ചെങ്കൽ ക്വാറി പ്രവർത്തിക്കുന്നതിനാൽ അപകടഭീഷണി ചൂണ്ടിക്കാട്ടി 5.10.20 ന് പഞ്ചായത്തിൽ പരാതി നൽകിയിരുന്നു എന്ന് അറിയിച്ചിട്ടുണ്ട്. ഫയൽ നം.4308/2020 പ്രകാരം ശ്രീമതി ലീലാമ്മ ജോണി 1.9.20, 30.11.21 എന്നീ തിയ്യതികളിൽ ജില്ലാ കലക്ടർക്ക് പരാതി നൽകിയിട്ടുള്ളതായും മേൽ പരാതിയുടെ അടിസ്ഥാനത്തിൽ നടത്തിയ അന്വേഷണത്തിൽ പ്ലോട്ടിന്റെ പുറകുവശത്ത് സംരക്ഷണഭിത്തിയും പാരപ്പറ്റും നിർമ്മിച്ച് വീട് നിർമ്മിക്കുകയാണെങ്കിൽ സുരക്ഷിതമായിരിക്കും എന്ന് എൽ.എസ്.ജി.ഡി എഞ്ചിനീയർ റിപ്പോർട്ട് ചെയ്തതായും വീട് നിർമ്മാണത്തിന് അനുയോജ്യമായ മറ്റൊരു സ്ഥലം കണ്ടെത്തുന്നപക്ഷം സർക്കാർ മാനദണ്ഡങ്ങൾക്കനുസൃതമായി ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും ശ്രീമതി ലീലാമ്മ ജോണിയെയും ബഹു.കലക്ടറെയും യഥാക്രമം 16.12.21,20.12.21 എന്നീ തിയ്യതികളിൽ അറിയിച്ചിട്ടുണ്ട്. മറ്റൊരു ഗുണഭോക്താവായ ശ്രീ.ബിജു പച്ചയിൽ ,തോട്ടു മുക്കം എന്ന ആൾ പ്രസ്തുത സ്ഥലത്ത് വീട് നിർമ്മിക്കാൻ അസൗകര്യം ഉണ്ടെന്നതിനാൽ വീട് നിർമ്മാണം ആരംഭിക്കുന്നതിന് താല്പര്യപ്പെടുന്നില്ല എന്ന് നിലവിലെ വി.ഇ.ഒ അറിയിച്ചിട്ടുണ്ട്.

നിലവിൽ ഗുണഭോക്താക്കൾ തിരഞ്ഞെടുക്കുന്ന സ്ഥലം വാങ്ങുന്നതിന് പണം അനുവദിക്കുകയാണ് ചെയ്യുന്നത്. വീട് നിർമ്മിക്കുന്നതിന് അനുയോജ്യമായ സ്ഥലമാണോ എന്ന് പരിശോധിക്കാതെ പണം അനുവദിക്കുന്നത് ശരിയായ നടപടിയല്ല. വിശദീകരണം നൽകേണ്ടതാണെന്ന് ആവശ്യപ്പെട്ട ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-26 ഭവന റിപ്പയർ (പട്ടികജാതി) -പദ്ധതി പൂർത്തീകരിച്ചില്ല

നിർവ്വഹണം : വി.ഇ.ഒ

പ്രോജക്ട് നമ്പർ : 59/20-21

അടങ്കൽ തുക : 28,00,000/-( വികസന ഫണ്ട്(എസ്.സി.പി ))

ചെലവ് തുക : 16,50,000/-( വികസന ഫണ്ട്(എസ്.സി.പി ))

ഒരു ഗുണഭോക്താവിന് 1 ലക്ഷം രൂപ നിരക്കിൽ 23 ഗുണഭോക്താക്കൾക്ക് വീട് റിപ്പയർ ചെയ്ത് നൽകുന്നതിനാണ് പ്രോജക്ട് മുഖേന ലക്ഷ്യമിട്ടത്. പ്രോജക്ട് പ്രകാരം 16,50,000 രൂപ ചെലവഴിച്ചിട്ടുണ്ട്. 2020-21 ൽ എഗ്രിമെന്റ് വെച്ച് ഒരു ഗഡു തുക കൈപ്പറ്റിയ 23 ഗുണഭോക്താക്കളിൽ താഴെ കൊടുത്ത 5 ഗുണഭോക്താക്കൾ നാളിതുവരെയും പണി പൂർത്തിയാക്കിയിട്ടില്ല.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | ആദ്യഗഡു /കൈപ്പറ്റിയ തീയതി |
|---|---|---|
| 1 | ഉത്തമൻ,വാർഡ്-9 | 50000/18.1.21 |
| 2 | കുഞ്ഞമ്മ,വാർഡ് - 8 | 50000/18.1.21 |
| 3 | സുജാത,വാർഡ് - 3 | 50000/18.1.21 |
| 4 | ശിവൻ.സി,വാർഡ് - 10 | 50000/4.2.21 |
| 5 | നാടി,ചിന്ന, വാർഡ് - 13 | 50000/4.221 |

മേൽ ഗുണഭോക്താക്കളുടെ വീട്റിപ്പയർ പൂർത്തിയാക്കി അവസാന ഗഡു കൈപ്പറ്റുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 വസ്തുനികുതി പുനർനിർണ്ണയിക്കാത്തതിനാൽ നഷ്ടം

ഗ്രാമപഞ്ചായത്തിന്റ 2020-21 വർഷത്തെ വരവിനങ്ങളുടെ ഓഡിറ്റിന്റെ ഭാഗമായി വസ്തുനികുതി നിർണ്ണയഫയൽ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതൾ ചുവടെ ചേർക്കുന്നു.

ഫയൽ നമ്പർ - A3-3354/2020 തീയതി 10/08/2020

2011 ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിൽ കെട്ടിടത്തിന്റെ വിവിധ ഉപയോഗക്രമമനുസരിച്ച് അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. ആയതിൽ 100 $M^2$ വരെ തറ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിന് അടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്രമീറ്ററിന് 40/- രൂപയും, 100 $M^2$ന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിന് അടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്രമീറ്ററിന് 60/- രൂപയും, 200 $M^2$ന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിന് ചതുരശ്രമീറ്ററിന് 80/- രൂപയുമാണ്.

BL- 334/14-15 പെർമിറ്റ് പ്രകാരമുള്ള വാണിജ്യകെട്ടിടം ഭാഗികമായി പൂർത്തികരിച്ച് തറ നിലയ്ക്ക് (168.50 ച.മീറ്ററിന്) 2018-19 വർഷം 100 $M^2$ന് മുകളിൽ ബാധകമായ നികുതി നിരക്കായ 60 രൂപ നിരക്കിൽ നികുതി നിർണ്ണയിച്ച് ഈടാക്കിയിരുന്നു. മേൽ കെട്ടിടം പൂർത്തികരിച്ച് 27/07/2020 ലെ കംപ്ലീഷൻ സർട്ടിഫിക്കറ്റ് പ്രകാരം നമ്പർ ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷ പരിഗണിച്ച് ഒന്നാം നില,സ്റ്റെയർ എന്നിവയുടെ തറവിസ്തീർണ്ണമായ 223.87 ച.മീറ്ററിന് 200 $M^2$ന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിന് ബാധകമായ ചതുരശ്രമീറ്ററിന് 80/- രൂപ നിരക്കിൽ നികുതി നിർണ്ണയിച്ച് ഈടാക്കിയിട്ടുമുണ്ട്. എന്നാൽ 2018-19 വർഷം പൂർത്തീകരിച്ച തറനിലയ്ക്ക് (168.50ച.മീറ്ററിന്) 80/- രൂപ നിരക്കിൽ നികുതി പുനർനിർണ്ണയിച്ച് ഈടാക്കാത്തതിനാൽ നികുതി നഷ്ടം സംഭവിച്ചിരിക്കുന്നു. കൂടാതെ മുഹമ്മദ് മോൻ തനത് ചാരിറ്റബിൾ ട്രസ്റ്റ് എന്നിവരുടെ ഓഫീസ് ആവശ്യത്തിനുള്ള കെട്ടിടത്തിന്റെയും പൂർത്തീകരണ പ്ലാൻ പ്രകാരമുള്ള മുഴുവൻ തറ വിസ്തീർണ്ണത്തിനും നികുതി നിർണ്ണയിക്കാത്തിനാലും, പെർമിറ്റിൽ നിന്ന് വ്യതിചലിച്ച് അധികം നിർമ്മാണത്തിന് ക്രമവത്കരണ ഫീ ഈടാക്കാത്തതിനാലും നഷ്ടം ഉണ്ടായിട്ടുണ്ട്.

വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഉടമസ്ഥന്റെ പേര്, മേൽവിലാസം | കെട്ടിട തറ വിസ്തീർണ്ണം | കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള/ നികുതി ഈടാക്കിയ തറ വിസ്തീർണ്ണം | ഈടാക്കിയ നികുതി/ പുനർ നിർണ്ണയി ക്കാനുള്ള ഏരിയ | ഈടാക്കേണ്ട നികുതി | വ്യത്യാസം |
|---|---|---|---|---|---|---|
| 1 | ശ്രീ സലാഹുദ്ദീൻ S/o മുഹമ്മദ്, കട്ടയാട്ട്,ചെറുവാടി | തറനില = 168.50 ഒന്നാം | 392.37 ച.മീറ്റർ | 168.50ച.മീ<br>168.50x60-10%+20% =11123 + 560 L.C | 168.50x80-10%+20% =14827 + 741 L.C | 3704+181 |

| | | | | | | |
|---|---|---|---|---|---|---|
| | | നില = 207.61<br>സ്റ്റെയർ = 16.26<br>392.37 | | | | |
| 2 | മുഹമ്മദ് മോൻ തനത് ചാരിറ്റബിൾ ട്രസ്റ്റ് | തറനില = 119.06<br>ഒന്നാം നില = 119.06<br>238.12 $M^2$ | 213.13ച.മീറ്റർ | 213.13x30-10%+20% =7034 + 352 L.C | 238.12x30-10%+20% =7857 + 393 L.C | 823+41 |
| | | | | | | 4527 +222 |

ക്രമ നമ്പർ (1) പ്രകാരമുള്ള കെട്ടിടത്തിന് പൂർത്തികരണ പ്ലാൻ നൽകിയപ്പോൾ വസ്തുനികുതി പുനർനിർണ്ണയിക്കാത്തിനാലും 168.50 ച.മീ തറവിസ്തീർണ്ണത്തിന് 100 $M^2$ന് വരെ തറവിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിന് അടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്രമീറ്ററിന് 60/- രൂപ എന്ന രീതിയിൽ കണക്കാക്കിയതിനാലും വസ്തുനികുതി ഈടാക്കിയതിൽ തൻവർഷം മുതൽ 3704/-രൂപയും, ലൈബ്രറി സെസ്സിനത്തില് 181/-രൂപയും നഷ്ടമുണ്ടായിട്ടുണ്ട്. കൂടാതെ ക്രമ നമ്പർ (2) പ്രകാരമുള്ള കെട്ടിടത്തിന് പൂർത്തികരണ പ്ലാൻ അടിസ്ഥാനപ്പെടുത്തി നികുതി നിർണ്ണയിക്കാത്തിനാൽ വസ്തുനികുതി ഈടാക്കിയതിൽ തൻവർഷം മുതൽ 823/-രൂപയും, ലൈബ്രറി സെസ്സിനത്തില് 41/-രൂപയും , ക്രമവത്ക്കരണ ഫീ ഇനത്തിൽ 500/-രൂപയും (24.99x10x2=499.8) നഷ്ടമുണ്ടായിട്ടുണ്ട്.

മേൽ അപാകതയ്ക്ക് മറുപടി ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി (7/2020-21 തീയതി - 27.05.2022) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

2011 ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ വസ്തു നികുതി ബാധകമായ മുഴുവൻ കെട്ടിടങ്ങളുടെയും വസ്തു നികുതി പുനപരിശോധിച്ച് പുനർ നിർണ്ണയിച്ച് നികുതിയിനത്തിൽ നഷ്ടം വന്ന 4527/-രൂപയും, ഗ്രന്ഥശാലാവരിയിനത്തിൽ നഷ്ടം വന്ന 222/-രൂപയും, ക്രമവത്ക്കരണ ഫീ ഇനത്തിൽ 500/-രൂപയും ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതും. കെട്ടിടങ്ങളുടെ നികുതി നിർണ്ണയിക്കുമ്പോൾ കംപ്ലീഷൻ പ്ലാൻ പ്രകാരവും, യഥാർത്ഥത്തിൽ ബാധകമായ സ്റ്റേജ് പരിഗണിച്ചും നികുതി നിർണയിച്ചിട്ടുണ്ടെന്ന് സെക്രട്ടറിയും, ഭരണസമിതിയും ഉറപ്പ് വരുത്തേണ്ടതുമാണ്.

## 2-2 കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള മുഴുവൻ തറവിസ്തീർണ്ണത്തിനും നികുതി നിർണ്ണയിച്ചില്ല.

ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ഉടമസ്ഥതയിലുള്ള 172/1,18 ൽ റീ സർവ്വേയിൽ ഉൾപ്പെട്ട 73.97 ഏക്കർ സ്ഥലത്ത് 2835.27 ച.മീറ്ററിൽ RMC Plant, Inter Lock Unit ,Shed, Work Shop എന്നിവ നിർമ്മിക്കുന്നതിന് അനുബന്ധ രേഖകൾ സഹിതം അപേക്ഷ നൽകിയിട്ടുണ്ട്. പ്രസ്തുത അപേക്ഷ പരിഗണിച്ച് A3-BA(301993)/2019/ 18/01/2019 പ്രകാരം പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പെർമിറ്റ് പ്രകാരം ഭാഗികമായി പൂർത്തീകരിച്ച്, പൂർത്തികരിച്ച അത്രയും ഭാഗത്തിന് നമ്പർ ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷ പരിഗണിച്ച് എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എഞ്ചിനീയറുടെ സ്ഥലപരിശോധന റിപ്പോർട്ടിൽ ഒക്യുപെൻസിയിൽ E യിൽ 82.01 ച.മീറ്ററും, ഒക്യുപെൻസിയിൽ G1 യിൽ (525+229.62) 754.62ച.മീറ്ററും, ഒക്യുപെൻസിയിൽ I യിൽ (High Frequency Screen 36 $M^2$+Explosive Store Room 21.17 $M^2$+RMC Plant 74.25 $M^2$ (131.42 $M^{2)}$ ഉൾപ്പടെ ആകെ 968.05

$M^2$ പൂർത്തികരിച്ചിട്ടുണ്ടെന്നും, ആയതിന് നികുതി ഈടാക്കാവുന്നതാണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് പ്രകാരം നികുതി നിർണ്ണയിച്ച് ഈടാക്കിയിട്ടുണ്ടെങ്കിലും, പൂർത്തികരിച്ച മുഴവൻ തറ വിസ്തീർണ്ണത്തിനും നികുതി നിർണ്ണയിച്ച് ഈടാക്കിയിട്ടില്ല. അതിനാൽ തനത് ഫണ്ടിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഉടമസ്ഥന്റെ പേര്,മേൽവിലാസം | കെട്ടിട നമ്പർ | ഭാഗികമായി പൂർത്തീകരിച്ച തറവിസ്തീർണ്ണം | റെഗുലറൈസേഷൻ പ്ലാൻ പ്രകാരമുള്ള/ നികുതി ഈടാക്കിയ തറവിസ്തീർണ്ണം | നികുതി ഈടാക്കാത്ത ഏരിയ |
|---|---|---|---|---|---|
| 1 | ശ്രീ രമേശൻ ചെയർമാൻ, ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 7/66A<br>7/66B<br>7/66C<br>7/66D<br>7/66E | 82.01 $M^2$<br>525 $M^2$<br>229.62 $M^2$<br>21.17 $M^2$<br>74.25 $M^2$<br>932.05 $M^2$+<br>36 $M^2$<br>968.05 | 82.01 $M^2$<br>525 $M^2$<br>229.62 $M^2$<br>21.17 $M^2$<br>74.25 $M^2$<br>932.05 $M^2$ | 36 $M^2$ |

മേൽ പ്രകാരം 36 $M^2$ തറവിസ്തീർണ്ണത്തിന് നികുതി നിർണ്ണയിക്കാത്തതിനാൽ 36X40 - 10% +20% = 1440+144+288 = 1584/-രൂപ വസ്തുനികുതിയും, 79/- രൂപ ഗ്രന്ഥശാലാവരിയും 2020 – 21 മുതൽ നഷടമുണ്ടായിട്ടുണ്ട്.

മേൽ അപാകതയ്ക്ക് മറുപടി ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി (5/2020-21 തീയതി - 27.05.2022) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. നികുതി നിർണ്ണയം നഷ്ടം നടത്തിയ ഉദ്യോഗസ്ഥന്റെയും, സൂപ്പർവിഷന്റെയും അപാകതകളാലാണ് നഷ്ടം സംഭവിച്ചിരിക്കുന്നത് ആയതിനാൽ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് മേൽ നഷ്ടം വന്ന തുക ഈടാക്കി തനത് ഫണ്ടിൽ അടവാക്കേണ്ടതാണ്. ഭാവിയിൽ നികുതി നിർണ്ണയം നടത്തുമ്പോൾ അപാകതകൾ ഉണ്ടാവാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കരാർവെക്കുന്നതിന് കാലതാമസം-കരാറുകാരനിൽനിന്ന് പിഴ ഈടാക്കിയില്ല.

ജി.ഒ. (പി)13/2012/പിഡബ്ല്യുഡി/1.2.12 പൊതു മരാമത്ത് മാന്വൽ പ്രകാരം പ്രവൃത്തികൾക്ക് ടെണ്ടർ അംഗീകരിച്ച് സെലക്ഷൻ നോട്ടീസ് അയച്ച തിയ്യതി മുതൽ 14 ദിവസത്തിനുള്ളിൽ കരാർ വയ്ക്കേണ്ടതാണ്. 14 ദിവസം കഴിഞ്ഞാൽ പി.എ.സി യുടെ 1% പിഴ ഈടാക്കിക്കൊണ്ട് 10 ദിവസത്തിനുള്ളിൽ കരാർ വയ്ക്കാം. മേൽ കാലപരിധി കഴിഞ്ഞും കരാർ വെയ്ക്കാത്ത പക്ഷം കരാർ റദ്ദാക്കി ഇ.എം.ഡി കണ്ടു കെട്ടേണ്ടതും കരാറുകാരനെതിരെ ടെണ്ടർ നിബന്ധനകളിൽ പറഞ്ഞ മറ്റു നടപടികൾ സ്വീകരിക്കേണ്ടതുമാണ്. താഴെ പറയുന്ന പ്രോജക്ടുകളിൽ കരാർ പ്രവൃത്തികൾക്കായി 14 ദിവസത്തിനകം കരാർ വയ്ക്കാത്ത കരാറുകാരനിൽ നിന്നും പിഴ ഈടാക്കാതെയും മറ്റ് നിയമാനുസൃത നടപടികൾ സ്വീകരിക്കാ തെയുമാണ് കരാർ വച്ചിട്ടുള്ളത്.

| ക്രമ നം | പ്രോജക്ട് ബിൽ,ചെലവുതുക | സെലക്ഷൻ നോട്ടീസ് തിയതി | എഗ്രിമെന്റ് തിയ്യതി | പി.എ.സി. | പിഎസിയുടെ 1% ഫൈൻ തുക(മിനിമം 1000/-) |
|---|---|---|---|---|---|
| 1. | കോട്ടമ്മൽ കുയ്യിൽറോഡ് നവീകരണം 205/21<br>9332/11.04.20-200,000/-<br>0142/ 11.04.20-134470/-<br>8064/12.11.20-115530/- | 21.10.19 | 11.11.19 | 4,50,000/- | 4500/- |
| 2 | പൊലുക്കുന്ന് മുള്ളൻമടറോഡ് റീടാറിംഗ്<br>6/27.8.20-445000/- | 21.10.19 | 5.02.20 | 445000/- | 4450/- |
| 3 | തെനങ്ങാപറമ്പ് അങ്കണവാടിക്ക് മുകളിൽ ആരോഗ്യകേന്ദ്രം<br>13/27.8.20-173727/- | 6. 2.20 | 27.2.20 | 225000/- | 2250/- |
| | | | | ആകെ | 11200/- |

കരാർ വെയ്ക്കാൻ വൈകിയതിന് കാരണം കാണിക്കുകയോ ആയത് അംഗീകരിക്കപ്പെടുകയോ ചെയ്യിട്ടില്ല. കരാർ വെയ്ക്കാത്ത കരാറുകാരനിൽ നിന്നും പിഴ ഈടാക്കാതെയും മറ്റ് നിയമാനുസൃത നടപടികൾ സ്വീകരിക്കാതെയുമാണ് കരാർ വച്ച് പ്രവൃത്തി പൂർത്തിയാക്കിയിട്ടുള്ളത്. 8.9.21 ലെ സർക്കാർ ഉത്തരവ് നം.1710/21 ത.സ്വ.ഭ.വ. പ്രകാരം കോവിഡ് ലോക്ക് ഡൗൺ കാരണം മരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി യഥാസമയം കരാറുടമ്പടിയിൽ ഏർപ്പെടാൻ സാധിക്കാതിരുന്ന കരാറുകാർക്ക് 15.10.21 വരെ പിഴ ഇല്ലാതെ കരാറിൽ ഏർപ്പെടുന്നതിന് അനുമതി നൽകിയിരുന്നു. കോവിഡ് ലോക്ക് ഡൗണിനു മുമ്പ് കരാർ വെക്കുന്നതിൽ കാലതാമസം വരുത്തിയ എല്ലാ കരാറുകാരിൽ നിന്നും പിഴ ഈടാക്കേണ്ടതാണ്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (01/27.05.21) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതക്ക് മറുപടി ലഭ്യമാക്കേണ്ടതും പിഴയിനത്തിൽ നഷ്ടം വന്ന തുക 11200/-രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽനിന്നും ഈടാക്കി അടവാക്കേണ്ടതുമാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2020-21 | 24-05-2022 | ഈ റിപ്പോർട്ടിന്റെ അനുബന്ധമായി പുറപ്പെടുവിച്ച |

## 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 25000 | പച്ചക്കറികൃഷി കൂലിചെലവ് | 25000 |
| | 2020-21 | 175000 | നെൽകൃഷി പ്രോത്സാഹനം | 175000 |
| | 2020-21 | 3204200 | ലൈഫ് ഭവനപദ്ധതി (എസ്.സി) | 3204200 |
| | 2020-21 | 700000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 700000 |
| | 2020-21 | 238348 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 238348 |
| | | 4342548 | | 4342548 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 48000 | പച്ചക്കറികൃഷി കൂലിചെലവ് | 48000 |
| | 2020-21 | 33000 | സുഫലം -വിഷരഹിത ഫലം | 33000 |
| | 2020-21 | 210000 | നെൽകൃഷി പ്രോത്സാഹനം | 210000 |
| | 2020-21 | 4000000 | ലൈഫ് ഭവനപദ്ധതി (എസ്.സി) | 4000000 |
| | 2020-21 | 700000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 700000 |

| | | | | |
|---|---|---|---|---|
| | | | | |
| | | 100000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 100000 |
| | | 200000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 200000 |
| | | 5291000 | | 5291000 |

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | ഉച്ചിക്കാവ് -ആനപ്പാറ പൈപ്പ് ലൈൻ നീട്ടൽ | 11/4/20 | 150000 | 0 | 150000 |
| കേരള വാട്ടർ അതോറിറ്റി | ജലജീവൻ മിഷൻ | | 287500 | 0 | 287500 |
| കേരള വാട്ടർ അതോറിറ്റി | ചാത്തപറമ്പ് കോഴിക്കളം പൈപ്പ് ലൈൻ നീട്ടൽ | 11/4/20 | 75000 | 0 | 75000 |
| | | | 512500 | | 512500 |

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | |
|---|---|---|---|---|---|---|
| ഇ.എം.എസ്.ഭവനം | 207/2009 /7.11.2009 | | 16,81,508 | 0 | 0 | 16,81,508 |
| ലൈഫ് ഭവന പദ്ധതി KURDFC | 511/2018 /02.01.19 | 17,00,000 | 11010589 | 1317256 | | 9693333 |

## 4-6 സ്ഥിരക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന | 500 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 0 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 500 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | മലപ്പുറം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ (ഷെയർ) | | | 500 | |
| ആകെ | | | | 500 | |

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| ഇല്ല | | | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 - വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | | 2001-02 | 11.2 | മണൽ ലേല തുക ഇളവുചെയ്യൽ | പഞ്ചായത്തിന്റെ തുടർനടപടി റിപ്പോർട്ട് അയയ്ക്കാത്തപക്ഷം പഞ്ചായത്ത് സമിതി അംഗങ്ങളിൽ നിന്നും തുക ഈടാക്കി റിപ്പോർട്ട്ചെയ്യാൻ നിർദ്ദേശിച്ചു |

| | | | | | |
|---|---|---|---|---|---|
| 1999-2000 | 37 | 2003-04 (പൊതു പരാമർശം) | 11.13.5.8 | മൈത്രി ഭവനപദ്ധതി | |
| 2000-01 | 25, 29 (A) | 2003-04 (പൊതു പരാമർശം) | 11.13.7.12 | നികുതി പിരിവിലെ അലംഭാവം | |
| 2001-02 | | 2005-06 | 2.70.1.7.3 | RMFഔദ്യോഗിക രസീതിയില്ല | എൽ.എഫ്.എ.സി. 2014-16 (51)റിപ്പോർട്ട് ഖണ്ഡിക 21 (ഒഴിവാക്കാൻ ശുപാർശ ചെയ്തു) |
| 2001-02 | 3-11 | 2005-06 | 2.70.1.9.9 | കർഷക തൊഴിലാളി പെൻഷൻ | (ഒഴിവാക്കാൻ ശുപാർശ ചെയ്തു) |
| 2001-02 | 3-12 | 2005-06 | 2.70.1.9.10 | വികലാംഗ പെൻഷൻ | (ഒഴിവാക്കാൻ ശുപാർശ ചെയ്തു) |
| 2001-02 | 3-13 | 2005-06 | 2.70.1.9.11 | തൊഴിലില്ലായ്മ വേതനം | (ഒഴിവാക്കാൻ ശുപാർശ ചെയ്തു) |
| 2001-02 | 2-2,2-4 | 2005-06 | 2.70.1.13.4ഇല്ല | തനത് വരവ് കാലഹരണപ്പെട്ടു | (ഒഴിവാക്കാൻ ശുപാർശ ചെയ്തു) |
| 2001-02 | | 2005-06 | 2.70.1.14.17 | നികുതി പിരിവിലെ അലംഭാവം | (ഒഴിവാക്കാൻ ശുപാർശ ചെയ്തു) |
| 2002-03 | 2-8 | 2006-07 (പൊതു പരാമർശം) | 3.79.1.7 | നികുതി കാലഹരണം | |
| 2002-03 | 2-9 | 2006-07 (പൊതു പരാമർശം) | 3.79.5.2 | വാട്ടർചാർജ്ജ് | |
| 2002-03 | 3-5 | 2006-07 (പൊതു പരാമർശം) | 3.79.6.1 | മണൽ വിൽപന | |
| 2002-03 | 3-8 | 2006-07 (പൊതു പരാമർശം) | 3.79.17.1 | വീട്റിപ്പയർ പ്രവൃത്തി പൂർത്തിയാക്കിയില്ല | |
| 2002-03 | 3-9 | 2006-07 (പൊതു പരാമർശം) | 3.79.18.2 | സാംസ്കാരിക നിലയം | |
| 2002-03 | 3-10 | 2006-07 (പൊതു പരാമർശം) | 3.79.18.3 | റോഡ് പ്രവൃത്തി പൂർത്തിയാക്കിയില്ല | |

| | | | | | |
|---|---|---|---|---|---|
| 2002-03 | 3-3 (എ) | 2006-07 (പൊതു പരാമർശം) | 3.79.19.10 | റോഡ് ടാറിംഗ് അധിക നിരക്ക് | |
| 2002-03 | 3-3 (ബി) | 2006-07 (പൊതു പരാമർശം) | | റോഡ് ടാറിംഗ് അധിക നിരക്ക് | |
| 2002-03 | 3-2 | 2006-07 (പൊതു പരാമർശം) | ഇല്ല 3.79.19.10 | കരിക്കാട് റോഡ് അധിക നിരക്ക് | |
| 2002-03 | 3-4 | 2006-07 (പൊതു പരാമർശം) | 3.79.19.10 | കുളങ്ങര മുപ്പരിച്ചാൽ റോഡ് | |
| 2002-03 | 3-11 | 2006-07 (പൊതു പരാമർശം) | 3.79.19.10 | എസ്.സി.കോളനി റോഡ് അധിക നിരക്ക് | |
| 2007-08 | 3-1 | 2010-11 | 5.8.3.1 | ആസ്തികളുടെ പരിപാലനം | |
| 2014-15 | 2-2 | 2016-17 | അനുബന്ധം4 | തൊഴിൽ നികുതി അപാകതകൾ | |
| 2015-16 | 2-3 | 2016-17 | അനുബന്ധം5 | തൊഴിൽ നികുതി അപാകതകൾ | |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 81180205 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 80878180 |
| വരവിനങ്ങളിലുള്ള നഷ്ടം | 6611 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 11200 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1462166 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്ന തുക | ചെലവ് സർ ചാർജ് ചെയ്യാവുന്ന തുക | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം |
|---|---|---|---|---|
| 2-1 | 5027 | | ശ്രീ. സന്തോഷ്. ടി, സെക്രട്ടറി, കൊടിയത്തൂർ ഗ്രാമ പഞ്ചായത്ത് | സെക്രട്ടറി, കൊടിയത്തൂർ ഗ്രാമ പഞ്ചായത്ത് |
| 2-2 | 1584 | | ശ്രീ. സന്തോഷ്. ടി, സെക്രട്ടറി, കൊടിയത്തൂർ ഗ്രാമ പഞ്ചായത്ത് | സെക്രട്ടറി, കൊടിയത്തൂർ ഗ്രാമ പഞ്ചായത്ത് |
| 3-1 | | 11200 | ശ്രീ. രാജേഷ്. എൻ, അസി. എഞ്ചിനീയർ | അസി. എഞ്ചിനീയർ, കൊടിയത്തൂർ ഗ്രാമ പഞ്ചായത്ത് |
| | 6611 | 11200 | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക | തുക | ഉത്തരവാദിയായ ആളുടെ |
|---|---|---|

| | | |
|---|---|---|
| നമ്പർ | | പേരും ഉദ്യോഗപ്പേരും |
| 1-15 | 402536 | ശ്രീ. രാജേഷ്. എൻ, അസി. എഞ്ചിനീയർ, കൊടിയത്തൂർ ഗ്രാമ പഞ്ചായത്ത് |
| 1-`16 | 48850 | ശ്രീ. രാജേഷ്. എൻ, അസി. എഞ്ചിനീയർ, കൊടിയത്തൂർ ഗ്രാമ പഞ്ചായത്ത് |
| 1-19 | 74,000 | ബിനി പി വർഗ്ഗീസ് , ഐ.സി.ഡി.എസ് സൂപ്പർ വൈസർ |
| 1-20 | 8,96,780 | ശ്രീ. സന്തോഷ്. ടി, സെക്രട്ടറി, |
| 1-21 | 40,000 | ബിനി പി വർഗ്ഗീസ് , ഐ.സി.ഡി.എസ് സൂപ്പർ വൈസർ |
| ആകെ | 1462166 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

2-1 – 222,

2-2 -79

ആകെ 301/- രൂപ

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

-ഇല്ല-

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം<br>മേൽവിലാസം |
|---|---|---|
| ശ്രീ. രാജേഷ്. എൻ, അസി. എഞ്ചിനീയർ | അസി. എഞ്ചിനീയർ, കൊടിയത്തൂർ ഗ്രാമ പഞ്ചായത്ത് | എൻ. വി. എസ് നിവാസ്, എൻ. ഐ. ടി. ക്യാമ്പസ് പി. ഒ. 673601 – കോഴിക്കോട് |
| ശ്രീ. സന്തോഷ്. ടി, സെക്രട്ടറി, കൊടിയത്തൂർ ഗ്രാമ പഞ്ചായത്ത് | സെക്രട്ടറി, കൊടിയത്തൂർ ഗ്രാമ പഞ്ചായത്ത് | ചമ്മിണി (വീട്) അമ്പലങ്ങാടി ഫറോക്ക് (പി. ഓ)<br>673661 |
| ബിനി പി വർഗ്ഗീസ് , ഐ.സി.ഡി.എസ് സൂപ്പർ വൈസർ | ഐ.സി.ഡി.എസ് സൂപ്പർ വൈസർ,കാരശ്ശേരി | എൻ.ജി.ഒ ക്വാർട്ടേഴ്സ് , വെള്ളിമാടുകുന്ന് |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | ഖണ്ഡികകൾ |
|---|---|---|---|
| 1998-99 | കെ.എസ്.എ.കെ.കെ.ഡി./പി3/ 1067/2019 (1)/16.7.2019 | 2 | 27, 29 |
| 1999-2000 | കെ.എസ്.എ.കെ.കെ.ഡി./പി3/ 1067/2019 (2)/16.7.2019 | 15 | 27, 28, 38, 40, 41, 42, 43, 45,46, 47, 48 (എ,ബി), 49, 55, 58,59 |
| 2000-01 | കെ.എസ്.എ.കെ.കെ.ഡി./പി1/ 530/2020 (1)/30.07.2020 | 4 | 25, 29(എ), 30 (എ), 37 |
| 2001-02 | കെ.എസ്.എ.കെ.കെ.ഡി./പി1/ 530/2020 (2)/30.07.2020 | 1 | 2-6 |
| 2002-03 | കെ.എസ്.എ.കെ.കെ.ഡി./പി1/ 530/2020 (4)/30.07.2020 | 11 | 2-8, 2-9, 3-2, 3-3 (എ,ബി), 3-4, 3-5,<br>3-8, 3-9, 3-10, 3-11 |
| 2003-04 | കെ.എസ്.എ.കെ.കെ.ഡി./പി1/ 530/2020 (5)/30.07.2020 | 6 | 2-5, 3-1, 3-6, 3-7, 3-8, 3-10 |
| 2004-05 | കെ.എസ്.എ.കെ.കെ.ഡി./പി1/ 530/2020 (6)/30.07.2020 | 11 | 2-1, 2-2, 3-1, 3-8, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16 |
| 2005-06 | കെ.എസ്.എ.കെ.കെ.ഡി./പി1/ 530/2020 (7)/30.07.2020 | 6 | 2-5, 3-1, 3-2, 3-4, 3-7,3-8 |
| 2006-07 | കെ.എസ്.എ.കെ.കെ.ഡി./പി1/ 530/2020 (8)/30.07.2020 | 13 | 2-2, 2-3, 3-4, 3-6, 3-9, 3-14, 3-15, 3-16, 3-17, 3-18, 3-19, 3-20, 3-21 |

| | | | |
|---|---|---|---|
| 2007-08 | കെ.എസ്.എ.കെ.കെ.ഡി./പി1/ 530/2020 (9)/30.07.2020 | 7 | 3-1, 3-10, 3-20, 3-23, 3-24, 3-28, 3-32 |
| 2008-09 | കെ.എസ്.എ.കെ.കെ.ഡി./പി1/ 530/2020 (10)/30.07.2020 | 13 | 2-5, 2-8, 2-9, 3-8, 3-10, 3-13 (3), 3-17, 3-19, 3-21, 3-22, 3-32, 3-33, 3-34, 4-3 |
| 2009-10 | കെ.എസ്.എ.കെ.കെ.ഡി./പി1/ 530/2020 (11)/30.07.2020 | 7 | 2-1, 3-1(3), 3-2, 3-3, 3-5, 3-6, 3-7 |
| 2010-11 | കെ.എസ്.എ.കെ.കെ.ഡി./പി1/ 530/2020 (12)/30.07.2020 | 6 | 2-3, 3-1(1, 3, 4), 3-4, 3-5, 3-7, 3-9 |
| 2011-12, 2012-13 | കെ.എസ്.എ.കെ.കെ.ഡി./പി1/ 530/2020 (13)/30.07.2020 | 15 | 3-2, 3-3, 3-4, 3-5, 3-8, 3-9(1), 3-10(1), 3-11, 3-12, 3-13, 3-14, 3-15, 3-17, 3-18,3-22, 3-23 |
| 2013-14, 2014-15 | കെ.എസ്.എ.കെ.കെ.ഡി./പി3/ 1067/2019 (16)/16.7.2019 | 12 | 2-3, 3-2, 3-4, 3-7, 3-8, 3-9, 3-10, 3-12, 3-14, 3-15, 3-17, 3-21 |
| 2015-16 | ഇല്ലകെ.എസ്.എ.കെ.കെ.ഡി./പി3/ 1067/2019 (17)/16.7.2019 | 29 | 2-1 (1) (2), 2-2, 2-3, 2-4, 2-5, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-9, 3-11, 3-12, 3-13, 3-14, 3-15, 3-18, 3-19, 3-20 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി./പി3/ 177/2019 /31.08.2019 | 16 | 2-1 (1),2-1(2), 2-2, 2-3, 2-5, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 4-9 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി./പി3/ 1304/2019 /26.7.2019 | 24 | 1-12, 2-1, 2-1 (ബി, സി), 2-2, 2-3, 2-4, 2-5, 3-1, 3-3, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-16, 3-17, 3-18, 3-19, 3-21, 3-22 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി./പി1/ 1208/2020 /20.02.2021 | 15 | 1-5, 1-6, 1-7, 1-8, 1-9, 1-10, 1-11, 1-12(1)(2), 1-15(2), 1-18, 1-21, 1-28, 1-30, 1-31, 1-32 |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി./പി1/ 1259/2021 /06.04.2022 | 23 | 1-1(1)1-2(3),(4),(5),(6),(7)(8) ,1-10,1-13,1-14,1-15,1-17,1-18,1-22,1-23, 1-24,1-25,1-26,1-27,1-28,1-29,3-1,4-11 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ കൊടിയത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ കൊടിയത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്